പുസ്തകം ൧൨. ലക്കം ൨.

കർമ്മലകുസുമം

The Flower of Carmel



പ്രതിമാസ പത്രിക.

February, 1914.

സംഗതി വിവരം

I. മംഗളം.
II. വേദാഗമം.
III. വിശുദ്ധന്മാരുടെ ജീവചരിത്രം.
IV. ഇരുപതാംനൂറാണ്ടിലെ അത്ഭുതപ്രവർത്തകൻ.
V. വിശുദ്ധ മർഗ്ഗരീത്താ ദെ. കൊത്തോനാ
VI. ഇശ്ശയടക്കം. .
VII. എല്ലാ പുണ്യങ്ങളും ഉപവി എന്ന പുണ്യത്തിലടങ്ങിയിരിക്കുന്നു.
VIII. തിരുസംഘനിഷ്ഠയങ്ങൾ
IX. നിന്റെ ആത്മാവു മരണമില്ലാത്തതാകുന്നു.
X. ബെസ്സുക്കാനാ.
XI. നമ്മുടെ പരിശുദ്ധ പിതാവു് പത്താം പീയൂസ് പാപ്പാ ചെയ്ത ഒരു അത്ഭുതം.
XII. സചിന്താവലി.
XIII തിരുഹൃദയഭക്തന്മാർ ഫെൻഫ്രു മകരമാസത്തിൽ വെക്കേണ്ട പൊതുകരുതൽ.
XIV. ലോകവർത്തമാനച്ചുരുക്കം.

നോട്ടീസ്

ആണ്ടൊന്നുക്കു തഫാൽക്കുലി ഉംപടെ ബ്രിട്ടീഷ് രൂപ ഫ.


യാതൊരുത്തൻ ൫ പേരെ പത്രവരിക്കാരായി ചേർത്തു് പേരയക്കുന്നും സ്വന്ത മേൽ വിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചുകൊടുക്കുന്നും പത്രവരിപിരിച്ചു മുന്നാകെ അടക്കുന്നും ചെയ്യുന്നതായാൽ അയാൾക്കു് ന-ാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മലകുസുമം" മാനേജർ,

Mannanam. മാന്നാനം

മാസികവരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻക്രൂർ പണമയച്ചു് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു് ആവശ്യപ്പെടുന്നവർക്കെല്ലാം സംധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളൂ. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻക്രൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.



പുസ്തകം ൨൨) ഫൻഫരു ഫെബ്രുവരി; (ലക്കം ൨.

മംഗളം.

കത്തോലിക്കാവിമാനം വഴിവിലയമുദിക്കാത്ത നാകത്തിലേക്കായ്
മുത്തോട്ടം സഞ്ചരിച്ചീടിന മനുജകുലത്തിന്നു മാർഗ്ഗാന്ധകാരത്തിൽ,
എത്തീട്ടും സംഭ്രമം തീർത്തുഭയമരുളുവോൾ വാനവന്മാരജസ്രം
വാഴ്ത്തീട്ടും ദിവ്യകന്യാമണി മറിയമെനിക്കേകണം നന്മമേന്മേൽ.

കുട്ടക്കയത്തിൽ സി. ജോൺ.

ഓഷധീശനമലേ! മനോജ്ഞമണിപീഠം,മക്കനുടയാട,സ-
ന്തോഷദായിനി! കിരീടമായിയണിയുന്ന താരനികരത്തെ നീ
യോഷകൾക്കൊരവതംസമായി വിലസും വിശുദ്ധ മറിയേ! മഹാ
ഭോഷനാകുമടിയൻ തൊഴുന്ന കഴൽ; നീ കനിഞ്ഞു പരിപാഹിമാം.

ഒരു ബാലകവി.

വേദാഗമം.

"നിങ്ങൾ തമ്മിൽ തമ്മിൽ സഹിക്കയും തമ്മിൽ തമ്മിൽ ക്ഷമിക്കയും ചെയ്യിൻ. ഒരുത്തന്നെറ നേരെ മറെറാരുത്തന്നു വിരോധമുണ്ടായാൽ മ്ശിഹാ നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ക്ഷമിപ്പിൻ. ഇവയ്ക്കും പുറമെ സാംഗോപാംഗത്തിന്നെറ ബന്ധനമാകുന്ന ഉപവി നിങ്ങൾക്കുണ്ടാകണം. ദൈവത്തിന്നെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴുകയും വേണം. അതിന്നു നിങ്ങൾ ഒരുശരീരത്തിൽ വിളിക്കപ്പെട്ടവരുമാകുന്നു. മ്ശിഹായിക്ക നിങ്ങൾ സ്തോത്രം ചെയ്യിൻ. മ്ശിഹായുടെ വചനം നിങ്ങളിൽ സകല ജ്ഞാനത്തോടുംകൂടി ധാരാളമായി വസിച്ചിരിക്കണം. നിങ്ങൾ സങ്കീർത്തനങ്ങളും സ്തുതിപ്പുകളും ജ്ഞാനഗാനങ്ങളും പഠിച്ചു അഭ്യസിച്ചു നിങ്ങളുടെ ഹൃദയങ്ങളിൽ ഇഷ്ടപ്രസാദത്തോടുകൂടെ കർത്താവിനെ പാടിസ്തുതിപ്പിൻ. നിങ്ങൾ വാക്കാലൊ പ്രവൃത്തിയാലൊ എന്തെങ്കിലും ചെയ്യുൽ അതൊക്കെയും ഈശോ മ്ശിഹായുടെ നാമത്തിൽ ചെയ്യിൻ; അവൻ വഴിയായി പിതാവായ ദൈവത്തിന്നു സ്തോത്രം ചെയ്യിൻ. ഭാര്യമാരെ! നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാർക്ക കർത്താവിൽ യോഗ്യമാകുന്നപ്രകാരം കീഴടങ്ങിയിരിപ്പിൻ. ഭർത്താക്കന്മാരെ! നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ; അവരുടെ നേരെ നിങ്ങൾ വെറുപ്പു കാണിക്കരുതു്. പൈതങ്ങളെ! നിങ്ങൾ നിങ്ങളുടെ മാതാപിതാക്കന്മാർക്ക സകലത്തിലും കീഴ്വഴങ്ങിയിരിപ്പിൻ; എന്തെന്നാൽ ഇതു കർത്താവിന്നു

ഇഷ്ടമാകുന്നു. പിതാക്കന്മാരെ! നിങ്ങളുടെ മക്കൾ ആവലാധിപ്പെടാതെയിരുപ്പാനായിട്ടു അവരെ നിങ്ങൾ അരിശപ്പെടുത്താതിരിക്കണം. ദാസന്മാരെ! ശരീരത്തിനടുത്ത യജമാനന്മാർക്ക സകലത്തിലും നിങ്ങൾ കീഴ്ഴുഴങ്ങുവിൻ; എന്നാൽ ഇതു മനുഷ്യരെ പ്രസാദിപ്പിപ്പാനായിട്ടു എന്നപോലെ ദൃഷ്ടി നോക്കിക്കൊണ്ടല്ല ചെയ്യേണ്ടതു്, ദൈവത്തെ ഭയപ്പെട്ടുകൊണ്ടു ഹൃദയ പരമാർത്ഥതയോടെ ചെയ്യിൻ; നിങ്ങൾ ചെയ്യുന്നതൊക്കയും മനുഷ്യർക്കായിട്ടല്ല, നമ്മുടെ കർത്താവിന്നായിട്ടു മുഴു മനസ്സോടെ ചെയ്യിൻ; നമ്മുടെ കർത്താവിൽനിന്നു അവകാശത്തിന്റെ പ്രതിഫലം നിങ്ങൾക്കു ലഭിക്കുമെന്നും അറിഞ്ഞിരിപ്പിൻ; എന്തുകൊണ്ടെന്നാൽ നിങ്ങൾവേല ചെയ്യുന്നതു കർത്താവിന്നാണ്. എന്നാൽ അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യായത്തിന്നു തക്കവണ്ണം പ്രതികാരം കൈക്കൊള്ളും. ദൈവത്തിന്റെവകയിൽ പക്ഷഭേദമില്ല. യജമാനന്മാരെ! നിങ്ങൾക്കും സ്വർഗ്ഗത്തിൽ ഒരു യജമാനൻ ഉണ്ടെന്നു ഓർത്തു നിങ്ങളുടെ ദാസന്മാർക്കു ന്യായമായും ശരിയായും ചെയ്യേണ്ടതിനെ കൊടുപ്പിൻ"

(കൊലോസ്യർ ൩. ൨൨. ൪൧.)

വിവരണം:— വിശുദ്ധ പൌലോസ് ക്രീഹാ കോളോസ് പട്ടണക്കാർക്ക എഴുതിയ ലേഖനത്തിൽ പറഞ്ഞിട്ടുള്ള പല ഉപദേശങ്ങളിൽ ഒരു ഭാഗമാണ് മേൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്. ഓരോരുത്തൻ ദൈവത്തോടു സ്നേഹബന്ധനമായി ജീവിക്കേണ്ട മുറയും, കുടുംബങ്ങളോടു ഉപവിയോടെ പെരുമാറേണ്ട മുറയും, ഓരോ അന്തസ്സുകാർ തങ്ങളുടെ കടമകളെ നിറവേറേണ്ട വിധവും വ്യക്തമായി ഇവിടെ ഉപദേശിക്കുന്നുണ്ട്. (ക) ദൈവത്തോടു സ്നേഹബന്ധനമായി ജീവിക്കുന്നതിന്നു, പാപം നമ്മിൽനിന്നു നീക്കി ദൈവത്തിന്റെ സമാധാനം നമ്മിൽ വാഴേണം; പ്രാർത്ഥനകളും സ്തുതിസ്തോത്രങ്ങളും പഠിച്ചറിഞ്ഞു, ദൈവത്തോടു ഭക്തിയോടെ അപേക്ഷിക്കേണം; ചെയ്യുന്നതൊക്കയും ദൈവത്തെ പ്രസാദിപ്പാനെന്നുള്ള നല്ല ശുദ്ധലാക്കോടെ ഈശോയുടെനാമത്തിൽ നാം ചെയ്യേണം; ഈശോമ്ശിഹായുടെ നാമത്തിൽ നമ്മുടെ പ്രവൃത്തികളെ പിതാവായ ദൈവത്തിന്നു കാഴ്ച വെക്കുമ്പോൾ നമ്മുടെ പ്രവൃത്തികൾക്കു വലിയ യോഗ്യതയുണ്ടാകുന്നു. (ഖ) യാതൊരുത്തൻ ദൈവത്തെ സ്നേഹിക്കുന്നോ അവൻ തന്റെ കൂടപ്പിറപ്പിനേയും സ്നേഹിക്കുവാൻ ആവശ്യമാണ്. സ്വഭാവവ്യത്യാസം നിമിത്തം വല്ല രസക്കേടുകളും വിരോധങ്ങളുമുണ്ടായാൽ, മ്ശിഹാതമ്പുരാൻ നമ്മോടു ക്ഷമിച്ചതുപോലെ നാമോരോരുത്തരും തമ്മിൽ തമ്മിൽ ക്ഷമിക്കേണ്ടതാണ്. നാമെല്ലാവരും ഈശോമ്ശിഹായിൽ ഏകശരീരം പോലെയാണ്; ആകയാൽ ഏകശരീരത്തിന്റെ സന്ധുക്കൾപോലെ നമ്മിൽ ഐക്യമുള്ളവരാകണം. (ന) ഓരോ അന്തസ്സുകാരോടും ക്രീഹാ പ്രത്യേകിച്ചു ഉപദേശം ചെയ്യുന്നുണ്ട്. ദൈവനാമത്തിൽ ക്രീഹാ ഭാര്യാഭർത്താക്കന്മാരോടും, മാതാപിതാക്കന്മാരോടും, പൈതങ്ങളോടും, യജമാനന്മാരോടും, ദാസന്മാരോടും പറഞ്ഞിട്ടുള്ള ഉപദേശങ്ങൾ സ്വഭാവത്താലെ തെളിവുള്ളതാകയാൽ, അവയെ വിവരിക്കേണമെന്നില്ല. എന്നാൽ ദാസന്മാർ യജമാനന്മാർക്ക ചെയ്യുന്ന ശുശ്രൂഷകൾ മ്ശിഹാ കർത്താവിനെ വിചാരിച്ചു ചെയ്യാൽ, ലോകമുറയ്ക്കുള്ള ആദായങ്ങൾക്കു പുറമെ, കർത്താവിൽനിന്നു നിത്യസമ്മാനം പ്രാപിക്കുമെന്നുള്ളതു് പ്രത്യേകം ഓർക്കേണ്ടതാണ്.

ഫ. ൨. ൫

വിശുദ്ധന്മാരുടെ ജീവചരിത്രം.

ക്രിസ്ത്യാനികളെ, അവരുടെ ശ്രേഷ്ഠമായ നാമത്തിന്നു യോജിക്കുന്ന വിധത്തിൽ ജീവിപ്പാൻ സഹായിക്കുന്ന പല വിധ ദിവ്യോപകരണങ്ങളിൽ മുഖ്യമായ ഒന്നാകുന്നു വിശുദ്ധ ഗ്രന്ഥങ്ങളുടെ വായന. ആത്മപോഷണത്തെ നൽകുകയും അതിനാൽ 'ജ്ഞാനസ്നാനത്തിന്റെ' ഉപയുക്തങ്ങളായിരിക്കയും ചെയ്യുന്ന 'ജ്ഞാ

ന'പുസ്തകങ്ങൾ വളരെ തരത്തിൽ ഉണ്ടെങ്കിലും ശാസ്ത്രജ്ഞന്മാർക്കും ശാസ്ത്രപരിചയം കുറഞ്ഞവർക്കും ഒരുപോലെ ഉപയോഗിക്കാവുന്നതു വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളെ വിവരിക്കുന്ന ഗ്രന്ഥങ്ങൾ ആണ്. ആത്മികവിഷയങ്ങളെ അവയുടെ 'ധാതു'രൂപത്തിൽ പ്രതിപാദിക്കുന്ന വൈദികപുസ്തകങ്ങൾ പഠിപ്പുള്ള ആളുകൾക്കു മാത്രമെ സാധാരണ ഫലപ്രദമായിത്തീരാറുള്ളു. വിശുദ്ധന്മാരുടെ ചരിത്രങ്ങളാവട്ടെ ആത്മിക തത്വങ്ങളെ സംഭവരൂപേണയത്രെ വർണ്ണിക്കുന്നത്. സംഭവങ്ങളെ മനസ്സിലാക്കുന്നതിനു അത്ര വലിയ അറിവ് ആവശ്യമില്ലെന്നു മാത്രമല്ല, അവയെ അറിയുന്നതിനു മനുഷ്യർക്കു പ്രത്യേകിച്ചു ഒരു കൌതുകവും ഉണ്ട്. ശാസ്ത്രീയ കാര്യങ്ങളെപ്പറ്റി പ്രസംഗിക്കുന്ന ഒരാൾ ഇടയ്ക്കു വല്ല സംഭവങ്ങളേയും പറയുവാൻ ആരംഭിക്കുമ്പോൾ കേൾവിക്കാരിൽ പ്രത്യക്ഷപ്പെടുന്ന പുതുതായ ശ്രദ്ധതന്നെ ഇതിലേക്കു ഒരു ദൃഷ്ടാന്തമാണ്. ചരിത്രസംഭവങ്ങൾ മനുഷ്യബോധത്തിൽ ക്ഷണേന പ്രവേശിക്കയും അവിടെ അവ ദീർഘകാലത്തേക്കു പതിഞ്ഞിരിക്കയും ചെയ്യും എന്നുള്ളതു് അനുഭവംകൊണ്ടു നാം ഏവരും അറിഞ്ഞിരിക്കുന്ന ഒരു വാസ്തവമത്രെ. ബാല്യകാലത്തിൽ വായിച്ചും മറ്റാളുകൾ പറഞ്ഞും അറിഞ്ഞിട്ടുള്ള ചില ചരിത്രങ്ങളും സംഭവങ്ങളും ഏകദേശം പദംപ്രതിപേത്തുപറയുവാൻ ഇപ്പോഴും സാധിക്കുന്ന ചില ആളുകൾ ഇതിനെ വായിക്കുന്ന ആളുകളിലും ഉണ്ടായിരിക്കാവുന്നതിനാൽ ഈ സംഗതി സംബന്ധിച്ചു ഇവിടെ അത്ര അധികം വിസ്തരിച്ചു പറയേണ്ട ആവശ്യം ഇല്ലെന്നു കരുതുന്നു.

വിശുദ്ധന്മാരുടെ ചരിത്രങ്ങളിൽ ആത്മിക തത്വങ്ങൾ സംഭവരൂപേണ വിവരിക്കപ്പെടുന്നതിനാൽ ഉളവാകുന്ന വേറൊരു ലാഭം 'ആ'വക തത്വങ്ങളെ നമ്മുടെ പ്രവൃത്തികളിൽ ആചരിക്കുന്നതിനുള്ള എളുപ്പമാണ്.

'Longum iter per præcepta
Breve et efficax per exempla'.

"പ്രമാണങ്ങളുടെ വഴി ദീർഘവും ദൃഷ്ടാന്തങ്ങളുടെതു ചുരുങ്ങിയതും ഫലപ്രദവും" എന്നാണല്ലൊ പഴമൊഴി. സഹനശീലത്തിന്റെ ആവശ്യകതയേയും അതിനെ പരിപാലിക്കേണ്ടതിനുള്ള മാർഗ്ഗങ്ങളേയും കുറിച്ചു നമുക്കു പൂർണ്ണബോധം ഉണ്ടായിരുന്നാലും സഹിക്കേണ്ട അവസരം നേരിടുമ്പോൾ നാം അസ്വാളിക്കയും മനസ്ഥിരത നമ്മിൽനിന്നു മാറിപ്പോകയും ചെയ്യുന്നു. എന്നാൽ മ്ശിഹായെപ്രതിയും അദ്ദേഹത്തിന്റെ ദിവ്യോപദേശങ്ങളെപ്രതിയും ഞെരുക്കങ്ങളെ അനുഭവിച്ച ഒരു രക്തസാക്ഷിയുടെ ആവട്ടെ, നീതിയെപ്രതി കഷ്ടതകളെ സഹിച്ച മറേറതെങ്കിലും വിശുദ്ധന്റെ യാവട്ടെ ചരിത്രത്തെ നമ്മുടെ ബോധത്തിൽ ഓർക്കയും അദ്ദേഹം വിരോധങ്ങളെ സഹിക്കുന്നതായി നമ്മുടെ ആത്മദൃഷ്ടിയിൽ രൂപീകരിക്കയും ചെയ്യുന്നു എങ്കിൽ നമുക്കു ആത്മബലം സിദ്ധിക്കയും മനക്കുക്തി വർദ്ധിക്കയും ചെയ്യും. എന്നെപ്പോലെതന്നെ ബലക്ഷയനും പീഡകൾക്കു് അധീനനും ആയ ഒരാൾക്കു് ഇത്രവലുതായ സങ്കടങ്ങളെ ക്ഷമയോടുകൂടി അനുഭവിപ്പാൻ സാധിച്ചുവെങ്കിൽ ധാരമുറിയാതെ എന്നിലേക്കു് ഒഴുകിക്കൊണ്ടിരിക്കുന്ന ദൈവദാനങ്ങളുടെ സഹായത്തോടുകൂടി സഹനശീലത്തെ കാക്കുവാൻ എനിക്കു് അസാദ്ധ്യമാകുന്നതു് എങ്ങനെ? എന്നാകുന്ന ലജ്ജയോടുകൂടി നമുക്കു് ആ സമയത്തിൽ ഉണ്ടാകുന്ന വിചാരം. മ്ശിഹായുടെ വേദത്തെ നിർമ്മൂലമാക്കുന്നതിനായി അന്ധകാരത്തിന്റെ ശക്തികളും ലൌകികാധികാരങ്ങളും യോജിച്ചു പ്രവർത്തിച്ച കാലങ്ങളിൽ, സ്വന്തപ്രാണനേക്കാൾ മതസിദ്ധാന്തങ്ങളെ പൂജ്യമായി കരുതുന്നതിനു് അസംഖ്യം ആളുകളെ ധൈര്യപ്പെടുത്തിയ കാരണങ്ങളിൽ നിസ്സാരമല്ലാത്ത ഒന്നു രക്തസാക്ഷികളുടെ സഹനങ്ങളെപ്പറ്റിയുള്ള വായനയാണ്. മതപീഡനം പ്രബലപ്പെട്ടിരുന്ന ആ കാലങ്ങളിൽ വേദസത്യങ്ങളെ സാക്ഷീകരിക്കുന്നതിനായി രക്തപ്രാണങ്ങളെ ഉപേക്ഷിച്ച പുണ്യാത്മാക്കളുടെ സഹനവൃത്താന്തങ്ങളെ എഴുതുന്നതിലേക്കു പ്രത്യേകമായി ചില ആളുകളെ പ്രേരിതപ്പെടുത്തിയിരുന്നു. അവർ സ്വന്ത ജോലിയെ വിശ്വാസപൂർവ്വം നിർവ്വഹിക്കയും 'സ

ഹനവൃത്താന്ത'ങ്ങളെ ഭൂസ്ഥലങ്ങളിലെ ക്രൈസ്തവനികൾക്കുകൂടി അയച്ചു കൊടുക്കയും ചെയ്തിരുന്നു. ഇവയുടെ വായന തിരുസഭയ്ക്കു എത്രമാത്രം നന്മയെ ഉളവാക്കി എന്നുള്ളതു രക്തസാക്ഷികളുടെ സംഖ്യയിൽനിന്നുതന്നെ നമുക്ക് ഏകദേശം തീരുമാനിക്കാം. മ്ശിഹായുടെ സുവിശേഷങ്ങൾക്കു സ്വന്തരക്തംകൊണ്ട് ഒന്നാമതായികയ്യൊപ്പുവച്ചതു വി. എസുപ്പാനോസാണ്. അദ്ദേഹത്തിന്റെ സഹനങ്ങളെപ്പറ്റി വേദപുസ്തകം തന്നെ വിവരിക്കുന്നുണ്ട്. കൽദായസുറിയാനികാനോൻ നമസ്കാരപുസ്തകത്തിൽ ചൊവ്വാഴ്ച

[illegible]

'എസുപ്പാനോസ് മാശ്ശരിചയം വരുത്തി, മറ്റു രക്തസാക്ഷികൾ എല്ലാവരും അദ്ദേഹത്തിന്റെ കാലടികളെ അനുഗമിച്ചു' എന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. രക്തസാക്ഷികളിൽ മുൻഗാമികളുടെ സഹനവൃത്താന്തം പിൻഗാമികൾക്കു ഏതു പ്രകാരം ആത്മശക്തിയെ ജനിപ്പിച്ചുവോ, അപ്രകാരംതന്നെ വി. എസുപ്പാനോസിന്റെ രക്തസാക്ഷിത്വത്തിന്റെ വിവരണം വേദത്തെപ്രതി മരിച്ചിട്ടുള്ള എല്ലാപേക്കും മനക്കരുത്തിനെ നൽകുകയും മാശ്ശദർശിയായി തീരുകയും ചെയ്യുന്നു എന്നു ഇതിൽനിന്നു തെളിവാകുന്നു. വി. എസുപ്പാനോസ് തുടങ്ങിയുള്ള വേദസാക്ഷികളുടേയും സ്ത്രീപുരുഷന്മാരായ മറ്റു വിശുദ്ധന്മാരുടേയും ചരിത്രങ്ങളിൽ ക്രിസ്തീയവേദത്തിന്റെ സിദ്ധാന്തങ്ങൾ എല്ലാംതന്നെ ഉദാഹരണരീതിയിൽ പ്രതിപാദിക്കപ്പെട്ടുന്നതിനാൽ, അവയുടെ വായന നമുക്കു പുണ്യവർദ്ധനത്തിനു അത്യന്തം ഉപയുക്തമായിത്തീരുന്നു. സഹോദരസൃഷ്ടികളുടെ നിത്യരക്ഷയിൽ അഗ്രഹം വർദ്ധിക്കാതെ വി. ശവയ്ക്കരുടേയോ, ലോകബഹുമാനത്തിന്മേൽ നിന്ദാഭാവം ജനിക്കാതെ വി. ളയീസ് ഗോൻസാഗായുടേയോ, സഹോദരദുഃഖത്തിൽ ആർദ്രത ഇല്ലാതെ വി. വിൻസെൻസ് പാവുലായുടേയോ, അബദ്ധമതങ്ങളിൽ ദ്വേഷം ഉളവാകാതെ വി. അഗസ്തീനോസിന്റേയോ, വേദപുസ്തകങ്ങളിന്മേൽ ബഹുമാനം തോന്നാതെ വി. ഈറാനീമോസിന്റേയോ, കന്യാവ്രതത്തിന്മേൽ മനഃപ്രീതിയും 'നീതിമാൻ' ആകുവാനുള്ള അഗ്രഹവും ഉത്ഭവിക്കാതെ വി. യൌസേപ്പുപിതാവിന്റേയോ, എല്ലാ പുണ്യങ്ങളിലും പരിപൂർണ്ണതയെ അഗ്രഹിക്കാതെ ദൈവജനനിയായ പരിശുദ്ധ മറിയത്തിന്റേയോ ചരിത്രങ്ങളെ വായിക്കുവാൻ ആർക്കാണ് സാദ്ധ്യമാകുന്നതു! ചുരുക്കിപ്പറയാം. അധ്യാത്മവിഷയങ്ങളെ മൂലരൂപത്തിൽ വിവരിക്കുന്ന ജ്ഞാനപുസ്തകങ്ങൾ മാശ്ശരിചയം ഇല്ലാത്ത ഒരാളിനു അതിനെ പറഞ്ഞു മനസ്സിലാക്കുകയാണെങ്കിൽ വിശുദ്ധന്മാരുടെ ജീവചരിത്രം അവനു പോകേണ്ട സ്ഥലത്തു അവനെ കൂട്ടിക്കൊണ്ടു പോകയാണ് ചെയ്യുന്നതു.

പൊതുവിൽ 'ജ്ഞാന'വായനയെ സംബന്ധിച്ചു വി. സിംഹാസനം വിശ്വാസികളെ ഈയിട ഓർപ്പിക്കയുണ്ടായി. വി. സിംഹാസനം ഗൌരവങ്ങളായ കാരണങ്ങൾ മൂലമാണ് ഈ വിധം പ്രവർത്തിച്ചതെന്നു ഒരു 'കുസുമ'ലേഖകൻ സാക്ഷിപ്പെടുത്തേണ്ട ആവശ്യമില്ല. അച്ചടിയന്ത്രം നടപ്പിൽ വന്നതിൽ പിന്നെ ചിന്തപുസ്തകങ്ങളും, പത്രങ്ങളും പ്രതിദിനം വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. അവയിൽ സന്മാർഗ്ഗത്തിനു വിരോധമായ കാര്യങ്ങൾ തെളിവായി വർണ്ണിക്കപ്പെടുന്നതിനാൽ, മനുഷ്യസമുദായത്തിൽ ദൈവവിശ്വാസം ക്ഷയിച്ചും സന്മാർഗ്ഗപരിപത്തി കുറഞ്ഞും മേൽകീഴ് വിചാരങ്ങൾ മറന്നും വശായിരിക്കുന്നു. ദുഷ്പ്രവൃത്തികളുടേയും പത്രങ്ങളുടേയും പ്രചാരംമൂലം വന്നുകൂടുന്ന ഈവിധ നാശങ്ങളെ തടുക്കുന്നതിനും, സദാചാരത്തെ പാലിക്കുന്നതിനും എല്ലാവർക്കും ഉപകരിക്കുന്ന ഒരു പ്രതിവിധി മേൽ പ്രസ്താവിക്കപ്പെട്ടതുപോലെ വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളുടെ പ്രായനയാണ്. വി. ഇഗ്നാസിയോസിനെ ലോകബന്ധങ്ങളിൽനിന്നു വേർപെടുത്തിയതു ഈ വായനതന്നെ. രാജകൊട്ടാരത്തിലെ ഉന്നതമായ ഉദ്യോഗപദത്തിൽനിന്നു വി. അർസേനിയോസിനെ വനാന്തരത്തിൽ തപോവൃത്തിക്കായി കൂട്ടിക്കൊണ്ടു പോയതു

തും ഈവക പുസ്തകങ്ങളുടെ വായനയെ ത്രെ. പുണ്യവാന്മാരുടെ ചരിത്രങ്ങളെ വായിക്കുക നിമിത്തം നടന്നിട്ടുള്ള പ്രസിദ്ധങ്ങളായ സംഭവങ്ങളെ എല്ലാം ഇവിടെ എഴുതുവാൻ സാധിക്കുന്നതല്ല. ഓരോരുത്തന്റെ ജീവിതാവസ്ഥക്കും ഉദ്യോഗത്തിനും ആവശ്യമായി കാണപ്പെട്ടുന്ന ഏതെങ്കിലും ഒരു ചരിത്രത്തെ തക്ക ആലോചനയോടുകൂടി തെരഞ്ഞെടുത്തു ക്രമമായി എല്ലാ ദിവസവും അതിനെ ശ്രദ്ധയോടും ആലോചനയോടും ഭക്തവിചാരണകളോടുംകൂടി വായിക്കുകയും തദനുസരണമായി പ്രവർത്തിക്കയും ചെയ്യുമെങ്കിൽ പുണ്യവാന്മാരുടെ ജീവചരിത്രങ്ങളെ വായിക്കുന്നതു ഏതു ഗുണപ്രദമായ ഒരു കായ്മാണെന്നു അനുഭവത്താൽ തന്നെ എല്ലാവക്കും അറിവാനിടയാകും.

൨൦—ാംനൂറ്റാണ്ടിലെ അത്ഭുത പ്രവർത്തകൻ.

കുറെ വത്സരങ്ങൾക്കു മുമ്പു പ്രഞ്ചുഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു പുസ്തകത്തിന്റെ നാമധേയമാണ് ഈ തലക്കെട്ടു. അതു പിന്നീടു ഇംഗ്ലീഷിൽ തർജ്ജിമ ചെയ്യപ്പെടുകയും, ഇംഗ്ലണ്ടിലും അമേരിക്കയിലും രണ്ടു വെവ്വേറെ പതിപ്പുകളായി പ്രസിദ്ധം ചെയ്യപ്പെടുകയും ഉണ്ടായിട്ടുണ്ട്. അപ്രകാരംതന്നെ വേറെ പല ഭാഷകളിലേക്കും അതു പരിഭാഷപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ കഥാനായകനായ വന്ദ്യപൌലോസച്ചൻ, ബെൽജിയമിൽ, നൂർവേപ്പ് പട്ടണത്തിൽ മൊൾ എന്ന ഒരു ഇടവകയിൽ ൧൮൫൯ ജനുവരി ൪൹—ാംനു- ജാതനായി. മാമ്മോദീസായിൽ ഇയാൾക്കു ഇട്ട പേർ പ്രൻസീസ്സോസെന്നായിരുന്നു. മോൾ ഇടവകയിലെ മില്ലെഗം എന്ന പേരായ ഒരു പ്രാഥമിക സ്കൂളിലാണ് ആദ്യം പഠിച്ചിരുന്നതു. അതിന്റെശേഷം ഭാഷാസാഹിത്യം മുതലായതു അഭ്യസിക്കുന്നതിലേക്കായി ഗിൽകൊളേജിലേക്കു അയക്കപ്പെട്ടു. ഈ കീർത്തിപ്പെട്ട വിദ്യാലയം പ്രാൻസീസ്സോസിന്റെ വീട്ടിൽനിന്നു മൂന്നു മൈൽ ദൂരെയായിരുന്നതുകൊണ്ടു, ദിവസംതോറും ഏഴുമൈൽ വീതം നടക്കേണ്ടതായിട്ടുണ്ടായിരുന്നു. തന്റെ ബാല്യപ്രായത്തിൽതന്നെ സന്യാസ അന്തസ്സിനു ദൈവം വിളിക്കുന്നതായി ഗ്രഹിക്കയാൽ ആ വിളിക്കു പ്രൻസിസ്സോസ് ഉടനേ തന്നെ അനുസരിച്ചു.

൧൮൭൮ ജൂൺമാസം ൨൪—ാംനു- തെർമോന്തെ എന്ന സ്ഥലത്തുള്ള ബെനഡീക്തോസ് സഭക്കാരുടെ ആശ്രമത്തിൽ അയാളെ കൈക്കൊണ്ടപ്പോൾ അയാൾക്കുണ്ടായ സന്തോഷവും തൃപ്തിയും അവർണ്ണനീയമായിരുന്നു. അതു കഴിഞ്ഞു വന്ന ആഗസ്റ്റ്മാസം ൨൪—ാംനു- വിശുദ്ധ ബെനഡിക്തോസിന്റെ സഭാവസ്ത്രം ധരിക്കയും പിന്നെ ഒരു വർഷത്തെ പരീക്ഷ കഴിഞ്ഞശേഷം ൧൮൭൯ സെപ്തമ്പർമാസം ൩൦—ാംനു- വ്രതാനുഷ്ഠാനം ചെയ്കയും ചെയ്തു. സഭയിൽ സിദ്ധിച്ച പേരു പൌലോസെന്നായിരുന്നു. ൧൮൮൧-ൽ ഇത്താല്യായിൽ പാമ്മാ പട്ടണത്തിലുള്ള ബെനഡീക്തോസ് സഭക്കാരുടെ പ്രസിദ്ധ കോളേജിൽ വേദാന്തം പഠിക്കുന്നതിനായി പോയി. അവിടെ വച്ചു ശരീരപ്പുട്ടവും ഏറ്റു. ൧൮൮൪-ൽ അദ്ദേഹം സ്വദേശത്തിലേക്കു പിന്തിരിയുകയും തെർമോന്തിൽ ൧൮൮൫ൽ താമസിക്കയും ഈ കടശിയിലത്തെ കൊല്ലം അപ്പിഗെമിൽ ബെനഡീക്തോസ് സഭക്കാരുടെ ഒരാശ്രമം പുനഃസ്ഥാപനം ചെയ്യുന്നതിനുള്ള ചുമതല ഏൽക്കയും ഉണ്ടായി.

൧൮൮൬-ൽ ശ്രേഷ്ഠന്മാരുടെ ആജ്ഞയനുസരിച്ചു തെർമോന്തിലേക്കു മടങ്ങി വന്നു. ൧൮൯൫ ഫെബ്രുവരിമാസം ൨൯—ാംനു- വീരപരാക്രമപുണ്യങ്ങളാലും അസാധാരണ വേലകളാലും അലംകൃതമായ അദ്ദേഹത്തിന്റെ ദീർഘായുസ്സിനു ഒരു ഭാഗ്യപ്പെട്ട മരണം കൊണ്ടു അവസാനമുണ്ടായി.

വന്ദ്യ പൌലോസച്ചന്റെ ജീവിതോദ്ദേശം വിശുദ്ധ ബെനഡീക്തോസിന്റെയും അദ്ദേഹത്തിന്റെ അത്ഭുത

കാശ്രുരൂപത്തിന്റെയും നേർക്കുള്ള ഭക്തിയെ പുനരുജ്ജീവിപ്പിക്കേണമെന്നുള്ളതായിരുന്നു എന്നു തോന്നുന്നു. ശരീരസംബന്ധമായും ആത്മസംബന്ധമായും ഉള്ള ഓരോവക സങ്കടങ്ങളിൽ ഈ വന്ദ്യഗുരുവിന്റെ പക്കൽ സങ്കേതം തേടിയവരുടെ സംഖ്യ പത്തുലക്ഷത്തിൽപരം ആയിരുന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മാധുര്യവും സൌമ്യശീലവും ഉള്ള ഇദ്ദേഹം എല്ലാവരെയും കൈക്കൊള്ളുന്നതിനു രണ്ടു കൈകളും നീട്ടിക്കൊണ്ടിരുന്നു. എങ്കിലും അശരണികളുടെ നേർക്കു ഒരു വിശേഷ സ്നേഹവും കരുണയും കാണിച്ചിരുന്നു. ആളുകൾ അദ്ദേഹത്തോടു സഹായം ചോദിച്ചിരുന്നതുപോരായെന്നു അദ്ദേഹം പലപ്പോഴും ആവലാധി പറയുന്നതു കേൾക്കയുണ്ടായിട്ടുണ്ട്. തന്റെ ഒരു സ്നേഹിതനായിരുന്ന ഊസ്സ്റ്റ്കാമ്പ് എന്ന പട്ടക്കാരനോടു അദ്ദേഹം ഒരിക്കൽ ഇപ്രകാരം പറകയുണ്ടായി. "നിങ്ങൾക്കു വേണ്ടതെന്തെങ്കിലും എന്നോടു ചോദിക്കു. ഞാൻ അതെല്ലാം നിങ്ങൾക്കുസാധിച്ചു തരാം. ഞാൻ മോക്ഷത്തിലായിരിക്കുമ്പോൾ എന്നോടു എല്ലായ്പോഴുംചോദിച്ചുകൊണ്ടിരിക്കണം. അപ്പോൾ എനിക്കു നിങ്ങളുടെ കാര്യം വിചാരിക്കുന്നവിനു വേണ്ടുവോളം സമയം ഉണ്ടായിരിക്കും. എന്റെ ശക്തിയും ഏറ്റവും വലുതായിരിക്കും"

രാത്രിയെന്നും പകലെന്നും ഒരു വ്യത്യാസമില്ലാതെ അദ്ദേഹം എന്നേരവും സഹായം ചെയ്വാൻ ഒരുക്കമുള്ളവനായിരുന്നു. സ്വഭാവത്തിനു അവശ്യമുള്ള ആശ്വാസം പോലും അദ്ദേഹം തനിക്കായി അനുവദിച്ചിരുന്നില്ല. ചിലപ്പോൾ കുറെ വൈക്കോൽ തന്റെ കിടക്കയായും ഒരു മരക്കഷണം തലയിണയായും ഉപയോഗിച്ചുകൊണ്ടും, മിക്കപ്പോഴും വെറും നിലത്തിന്മേൽ പുറം ചാരി നിവർന്നിരുന്നുകൊണ്ടും അണ് തന്റെ നിസ്സാരമായ ഉറക്കം കഴിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ വിനയവും താഴ്മയും എത്രയും അതിശയിക്കത്തക്കതായിരുന്നു. ദാരിദ്ര്യത്തിലും, ആശാനിഗ്രഹത്തിലും തപക്രിയകളിലുമായിരുന്ന അദ്ദേഹത്തിന്റെ വലിയ സന്തോഷം. അദ്ദേഹംചെയ്തിരുന്ന തപക്രിയകൾ, അവയുടെ പേരുതന്നെ കേട്ടാൽ ആരും ഞെട്ടിപ്പോകാൻ തക്കവയായിരുന്നു. പരോപകാരത്തിനായി രാപകൽ പുറത്തു പോയിരുന്ന ഈ മഹാത്മാവു എല്ലായ്പോഴും ക്രൂരതരമായ മുള്ളരഞ്ഞാണം തന്റെ അരയ്ക്കുകെട്ടി മുറുക്കിയിരുന്നു എന്നുള്ളതു വിസ്മയനീയമല്ലയോ? (തുടരും.)

.ഫാ .ഫ .ഫ

വിശുദ്ധ മർഗരീത്താ ദെ. കൊത്തോനാ.

(തിരുനാൾ ഫെബ്രുവരി ൨൨-ാംനു-)

നീതിമാന്മാരെയല്ല, പാപികളെ വിളിക്കാനാണ് താൻ വന്നതെന്നു നമ്മുടെ ദിവ്യരക്ഷിതാവു അരുളിച്ചെയ്തിട്ടുള്ളതു പാപികൾക്കു ആശ്വാസകരമാണെന്നു പറയേണ്ടതില്ലല്ലൊ. പാപങ്ങളുടെ ആധിക്യം നിമിത്തം നിരാശതയിൽ മുങ്ങിപ്പോകുമായിരുന്ന അനവധിയാളുകളെ ഈ തിരുവാക്യത്തിന്റെ ഓമ്മ ധൈര്യപ്പെടുത്തുകയും നിത്യരക്ഷക്കായി പ്രയത്നിക്കാൻ അവരെ ഉത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ട്. തിരുസഭാചരിത്രം പരിശോധിക്കുന്നതായാൽ ഇപ്രകാരമുള്ളവരുടെ പേരുകൾ വളരെ കാണാം. ഇക്കൂട്ടത്തിലാണ് വി. മർഗരീത്താ ദെ കൊത്തോനാ. ഏതു മഹാപാപിക്കും ദൈവാനുഗ്രഹത്താൽ വലിയ പുണ്യവാനായിതീരാമെന്നുള്ളതിനു ഈ പുണ്യവതിയുടെ ജീവിതം തക്കതായ ലക്ഷ്യമാണ്.

വി. മർഗരീത്താ ദെ. കൊത്തോനാ പിറന്നതു റവന്നായിൽ ചിയുസിരൂപതയിൽ പെട്ട അൽവിയാനൊ എന്ന സ്ഥലത്താണ്. അവൾ ചെറുപ്പമായിരിക്കുമ്പോൾ തന്നെ അവളുടെ അമ്മ മരണം പ്രാപിക്കയും, അപ്പൻ പുനർവിവാഹം കഴിക്കയും ഉണ്ടായി. ഈ ഇളയമ്മയ്ക്കു മർഗരീത്തായോടു ഒട്ടും വാത്സല്യമില്ലായിരുന്നുവെന്നു മാത്രമല്ല, പലപ്പോഴും അവളെ കഷ്ടപ്പെടുത്തുകയും ചെയ്തിരുന്നു. തന്റെ മകളുടെ കാര്യ

ത്തിൽ അപ്പനും അശേഷം ശ്രദ്ധവെച്ചിരുന്നില്ല. ഈ കാരണങ്ങളാലും മറും അവൾ തീരെ അനുസരണയില്ലാത്തവളും ദൈവപ്രമാണങ്ങളെ എളുപ്പത്തിൽ ലംഘിക്കുന്നവളുമായി തീർന്നു. ഈ വയസ്സിൽ അവൾ സഹൃഹം വിട്ടു, ഒരുവനോടുകൂടിപോയി. അന്നുമുതൽ ഒമ്പതു വർഷക്കാലം അവൾ നയിച്ച ജീവിതം കേവലം ലജ്ജാവഹമായ ഒന്നായിരുന്നു. മരിച്ചുപോയ അവളുടെ അമ്മയുടെ അപേക്ഷകൾ മൂലമായിരിക്കാം ഒടുവിൽ അവൾക്കു പൂർണ്ണമായ പശ്ചാത്താപത്തിന്റെ ദാനം ദൈവം കൊടുത്തു. ഒരു ദിവസം അവൾ കാട്ടിൽക്കൂടി ഏതാനും ദിവസങ്ങളായി കാണാനില്ലായിരുന്ന തന്റെ സ്നേഹിതനെ അന്വേഷിച്ചു നടക്കുമ്പോൾ അവളുടെ പട്ടി കുരച്ചും ഓരോ ചേഷ്ടകൾ കാണിച്ചും ഒരു സ്ഥലത്തേക്കു അവളുടെ ഗതിയെ തിരിച്ചു. അവിടെ ചെന്നപ്പോൾ കണ്ടതു് ചത്തു ചീഞ്ഞു കിടക്കുന്ന അവളുടെ സ്നേഹിതന്റെ ശരീരമായിരുന്നു. അവളെ പ്രതി ഒരു ദ്വന്ദയുദ്ധത്തിൽവെച്ചൊ മറെറാ ആരൊ അവനെ കൊന്നതായിരുന്നു. സ്നേഹിതൻ ഈ വിധം അവസാനിച്ചതു് അവൾ പാപനിദ്രയിൽനിന്നു എഴുന്നേല്ക്കുന്നതിനു കാരണമായി. ദൈവത്തെ ഇതുമാത്രം ഉപദേവിച്ചു കാലം കഴിച്ചതിനെപ്പറ്റിയുള്ള മനസ്താപത്തോടെ അവൾ അപ്പന്റെ വീട്ടിലേക്കു മടങ്ങി മുട്ടുകുത്തിനിന്നു അപ്പനോടും ഇളയമ്മയോടും ക്ഷമായാചനം ചെയ്തു. അപ്പൻ അവളോടു ക്ഷമിച്ചെങ്കിലും, ഇളയമ്മ കോപാക്രാന്തയായി അവളെ നിന്ദിക്കയും അവളെ വീട്ടിൽ നിറുത്താൻ പാടില്ലെന്നു ശഠിക്കയുമാണുണ്ടായതു്. ഒടുവിൽ ഇവളുടെ നിർബ്ബന്ധത്താൽ അയാളും മർഗരീത്തായെ വീട്ടിൽ താമസിപ്പിക്കയില്ലെന്നു പറഞ്ഞു, അവളെ പുറത്തിറക്കി വിടുകയുണ്ടായി. ഈ ലോകത്തിൽ അവൾക്കു ഏകമായ ആശ്രയമായിരിക്കേണ്ടവർ അവളെ ഉപേക്ഷിച്ചുവെങ്കിലും മനസ്താപത്തോടെ മടങ്ങിവരുന്ന പാപികളെ പൂർണ്ണനിധിയോടെ സ്വീകരിക്കുന്ന സ്വർഗ്ഗീയ പിതാവു് അവളെ സ്വീകരിക്കാതിരുന്നില്ല. തപസ്സു ചെയ്തു തന്റെ പാപങ്ങളെ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടെ മർഗരീത്താ പലേ കന്യകാമഠങ്ങളിൽ പ്രവേശനം അപേക്ഷിച്ചെങ്കിലും അവളുടെ കഥയെ അറിഞ്ഞിരുന്നവർക്കു ഒരുത്തർക്കും അവളെ പരിശുദ്ധമായ ആ അന്തസ്സിലേക്കു സ്വീകരിക്കാൻ മനസ്സുണ്ടായില്ല. ഒടുവിൽ അവൾ കോത്തോന പട്ടണത്തിൽ മനസ്സാപക്കാക്കായുള്ള പ്രാൻസീസ്കൻ സഹോദരികളുടെ ഒരു മഠത്തിൽചെന്നു് അവിടെതന്നെ സ്വീകരിക്കണമെന്നു യാചിച്ചു. അവിടെയുള്ളവർ അവളെ ഒന്നു പരീക്ഷിക്കാമെന്നുവെച്ചു. മൂന്നു വർഷത്തോളം ടിഷ്ഠിച്ച ഈ പരീക്ഷയിൽ അവൾ പ്രദർശിപ്പിച്ച എളിമ, പ്രാർത്ഥന, തപക്രിയകൾ മുതലായവയിലുള്ള താല്പര്യം അവളുടെ പേരിൽ അവർക്കു പൂർണ്ണമായ തൃപ്തിയെ ജനിപ്പിക്കയും അതനുസരിച്ചു അവൾ ആ മഠത്തിൽ സ്വീകരിക്കപ്പെടുകയുംചെയ്തു. ചെറുപ്പകാലം മുതൽതന്നെ നാനാവിധമായ പാപങ്ങളിൽ വീണു സമ്പാദിച്ച ചീത്ത ശീലത്തെ പരിഹരിക്കുന്നതിനു വി. മർഗരീത്താ ചെയ്ത പ്രയത്നം വിസ്മയനീയമായിരുന്നു. പിശാചു പലേ പ്രകാരങ്ങളിൽ അവളുടെ സ്ഥിരതയെ ദുർബലപ്പെടുത്താൻ ശ്രമിക്കാതിരുന്നില്ല. രാപകൽ അവളുടെപഴയകഥകൾ ഓർമ്മയിൽവരികയും പാപവഴിയിലേക്കു അവളെ ആകർഷിക്കയും ചെയ്തിരുന്നുവെങ്കിലും ദൈവപ്രസാദത്തിന്റെ ശക്തിയാൽ ഈ വിധമായ യുദ്ധത്തിൽ അവൾ വിജയിയായി തീരുകയാണുണ്ടായതു്. മുറുക്കിപ്പറഞ്ഞാൽ പാപങ്ങളും ചീത്തയായ ശീലങ്ങളും മറും മുഖാന്തരം വികൃതമായിരുന്ന മർഗരീത്തായുടെ ആത്മാവു മുറുങ്ങിയ കാലത്തിന്റെ ഇടകൊണ്ടു സകല പുണ്യങ്ങളാലും അലംകരിക്കപ്പെട്ട ദൈവത്തുക്കണ്ണുകൾക്കു എത്രയും ഇഷ്ടമുള്ളതായി തീർന്നു. സദാ തന്റെ പാപങ്ങളെക്കുറിച്ചു അവൾ വ്യാകുലപ്പെട്ടിരുന്നു. തന്റെ പേരിൽ അലിവുതോന്നി പാപക്രൂപത്തിൽ നിന്നു തന്നെ വലിച്ചു കയറിയ ദൈവത്തിന്റെ നേരെ അവൾ എത്രമാത്രം കൃതജ്ഞതയുള്ളവളായിരുന്നു! തന്റെ പാപങ്ങളാണ് മ്ശിഹായുടെ പങ്കുപ്പാടുകൾ

ൽക്കു കാരണമായതെന്നുള്ള ഓർമ്മ നിമിത്തം കന്യാവിന്റെ പങ്കുപ്പാട്ടുകളുടെ നേരെ അവൾക്കു പ്രത്യേകമായ ഭക്തിയുണ്ടായിരുന്നു. ഈ ഭക്തിയാൽ പ്രേരിപ്പിക്കപ്പെട്ട ദിവസംതോറും അവൾ കുമ്പസാരിച്ചു കുർബാനകൊണ്ടിരുന്നു. ശുദ്ധികാരസ്ഥലത്തിലെ ആത്മാവുകളുടെ പേരിൽ വി. മർഗരീത്തായിക്കു പ്രത്യേകമായ അനുകമ്പ ഉണ്ടായിരുന്നു. തപക്രിയകളാലും അവരെ അവൾ വളരെ സഹായിച്ചിരുന്നു.

ഇങ്ങനെ വി. മർഗരീത്താ എല്ലാവിധ പുണ്യങ്ങളും ചെയ്തു സ്രഷ്ടാവിനു യോഗ്യമായ വിധത്തിൽ മുപ്പതു വർഷകാലം 'മനസ്താപ ജീവിതം' കഴിച്ചശേഷം അവിടുന്നു അവളെ നിത്യസമ്മാനത്തിനു ക്ഷണിക്കാൻ തിരുമനസ്സായി. അവളുടെ മരണം അത്യാനന്ദകരമായിരുന്നു. "ഞങ്ങൾ നിന്റെ പ്രാർത്ഥനകളും തപഃക്രിയകളും ദിവ്യകാരുണ്യസ്വീകരണങ്ങളുംകൊണ്ടു നീ ശുദ്ധീകരസ്ഥലത്തിൽനിന്നു രക്ഷപെടുത്തിയ ആത്മാവുകളാണ്. നിന്റെ കന്യാവിന്റെ അടുക്കലേക്കു നിന്നെ കൊണ്ടുപോകുന്നതിനു ഞങ്ങൾ വന്നിരിക്കയാണ്" എന്നു കേൾക്കപ്പെട്ട സ്വരം മർഗരീത്തായിക്കു എത്രമാത്രം സന്തോഷകരമായിരുന്നുവെന്നു ഊഹിക്കാവുന്നതാണല്ലോ. എത്ര വലിയ വ്യത്യാസം! മുപ്പതു വർഷങ്ങൾക്കുമുമ്പ് കന്യകാമഠത്തിന്റെ പടിവാതുക്കൽ മുട്ടുകുത്തി നിന്നു തന്നെയും മഠത്തിൽ ദൈവത്തെക്കുറിച്ചു സേവികരിക്കണമെന്നു യാചിച്ച മനസ്താപക്കാരി എത്ര വലിയ പ്രതാപത്തോടെ പരിവാരസമേതം സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകപ്പെട്ടു! വി. മർഗരീത്തായുടെ ശവസംസ്കാരം സന്തോഷസംപൂർണ്ണമായ ഒരു ആഘോഷകർമ്മമായിരുന്നു. അവിടെ സമീപത്തു വന്നിട്ടുണ്ടായിരുന്ന എട്ടാംബൊനിഫെസ് മാർപ്പാപ്പായുടെ കല്പനയനുസരിച്ച് മരിച്ചവർക്കു വേണ്ടിയുള്ള കുർബാനസ്തുതകരം ഉപകാരസ്മരണക്കായുള്ള കുർബാന പാടിയശേഷമാണ് വിശുദ്ധയുടെ മൃതശരീരം മറവു ചെയ്യപ്പെട്ടതു്.

ഇശ്ചയടക്കം.

ആദം ചെയ്ത പാപം ഹേതുവായി ആദത്തിന്റെ സന്തതികളായ സകല മനുഷ്യരും പഞ്ചേന്ദ്രിയ സന്തോഷങ്ങളിലേക്കു ചാഞ്ഞിരിക്കുന്നു. പാടപീഡകളിൽനിന്നു ഓടി ഒളിക്കുന്നു. ഇതു മനുഷ്യസ്വഭാവമാകുന്നു. ഈ സ്വഭാവച്ചാപ്പിൽ കുറെ മുള്ളുതല്ലു എങ്കിലും അനേകപാപങ്ങൾക്കു കാരണമായിത്തീരുന്നു. ഇതിനാൽ പലപ്പോഴും ഈ പഞ്ചേന്ദ്രിയേഷ്ടം മനുഷ്യനിൽ അധികാരംനടത്തി അവൻ സുബോധന്യായത്തിനു വിപരീതമായിപ്രവർത്തിക്കുന്നതിനു ഇടവരുത്തുന്നു.

ലോകാരംഭത്തിൽതന്നെ സകല മനുഷ്യരും തങ്ങളുടെ വഴികളെ വഷളാക്കിയതിനാൽ, ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചതുനിമിത്തം പരിതപിച്ചു് ദൈവം അരുളിച്ചെയ്തതായത്:— "എന്റെ അരൂപി എന്നേക്കും മനുഷ്യനിൽ സ്ഥിതിചെയ്കയില്ല. എന്തെന്നാൽ അവൻ മാംസമാകുന്നു." അന്നുമുതൽ മാംസേശ്ചയും നമ്മുടെ പ്രധാനമായ മൂന്നു ശത്രുക്കളിൽ ഒരു ശത്രുവായിത്തീർന്നിരിക്കുന്നു.

നമ്മുടെ ഈ കാലങ്ങളിലെല്ലാം എന്നാൽ ഈ മാംസേശ്ചയുടെ ശക്തി, മനുഷ്യസന്തതിയുടെ വർദ്ധനയും പുറമേയുള്ള സാഹചര്യങ്ങളുംനിമിത്തം, നന്നാ അധികരിച്ചിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. പുറമേയുള്ള പരിഷ്കാരത്തോടെ സുഖഭോഗാദികൾക്കുള്ള ഉപകരണങ്ങളും സുഖയുടെ മേലുള്ള ആഗ്രഹങ്ങളും പതിമടങ്ങു വർദ്ധിച്ചും ഇരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ അന്ത്യവും ആഗ്രഹവും പൊതുവെ "ആശാപാസം" എന്ന ഒരു വാക്കിൽ അടങ്ങിയിരിക്കുന്നു. ചിലർ അവരുടെ സമയം മുഴുവനും ബഹുമാനത്തെ സമ്പാദിക്കുന്നതിലും ചിലർ സമ്പത്തു കൂട്ടുന്നതിലും മറ്റു ചിലർ സുഖഭോഗാദികളെ അനുഭവിക്കുന്നതിലും വ്യയംചെയ്തു് ആശാപാസത്തെ തേടുന്നു.

ഓ! ലോകഭ്രാന്തു പിടിച്ച മനുഷ്യരെ! നിങ്ങൾ അന്വേഷിക്കുന്ന സുഖം അഥവാ ആശ്വാസം നിങ്ങൾ അന്വേ

ഷിച്ചു തേടുന്ന സുഖപ്രഹമാന സമ്പത്തുകളിൽ കണ്ടെത്തുകയില്ല.

സത്യമായ ദൈവവും സത്യമായ മനുഷ്യനുമായ ന. ക. ഈശോമ്ശിഹാ അരുളിച്ചെയ്യുന്നതിനെ കേട്ടുകൊൾവിൻ. "ഭാരമുള്ള ചുമടെടുത്തു വിഷമിച്ചിരിക്കുന്ന നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. എന്റെ നുകം നിങ്ങളുടെ മേൽ എടുപ്പിൻ. നിങ്ങളുടെ ആത്മാവുകൾക്കു നിങ്ങൾ ആശ്വാസം കണ്ടെത്തും. എന്തെന്നാൽ എന്റെ നുകം മധുരമുള്ളതും എന്റെ ചുമട് ലഘുവായതും ആകുന്നു." മറുവാക്കുകളായി പറയുന്നെങ്കിൽ, എന്റെ കല്പനകളുടെ നുകത്തെയും എന്റെ കുരിശിന്റെ ഭാരത്തെയും നിങ്ങൾ ചുമന്ന് എന്റെ പുറകെ വരുവിൻ. എന്തെന്നാൽ നിങ്ങളുടെ ആത്മാവുകൾക്കു ആശ്വാസം കണ്ടെത്തുന്നതിനു മറു വഴിയില്ല. ക്രമേണയിൽ മറിച്ചുതോന്നിയാലും എന്റെ നുകം സാക്ഷാൽ മധുരമുള്ളതും എന്റെ ചുമട് ലഘുവായതും ആകുന്നു. കർത്താവു നല്ലവനാണോ എന്നു പരീക്ഷിച്ചുനോക്കുവിൻ എന്ന് ദാവീദ് ദീർഘദർശി ഉപദേശിക്കുന്നു.

നാ ദിവ്യരക്ഷിതാവിന്റെ വചനങ്ങളെല്ലാം സാധുതവും മാധുര്യവും നിറഞ്ഞവയായിരുന്നാലും ഇശ്ചയടക്കം അഥവാ തപസ്സിനെ സംബന്ധിച്ചു പറയുമ്പോൾ കുറെ കഠിനമായി തോന്നുന്നു. "നിങ്ങൾ തപസ്സ് ചെയ്യായില്ലെങ്കിൽ നിങ്ങളെല്ലാവരും നശിച്ചുപോകും" എന്നീ വാക്യത്തിൽനിന്നു ഇശ്ചയടക്കം അഥവാ തപസ്സ് എത്രയോ ആവശ്യമാണെന്നു നമുക്കു ഗ്രഹിക്കാവുന്നതായിരിക്കുന്നു. ഈ ഇശ്ചയടക്കം അഥവാ തപസ്സ് കഴിഞ്ഞ പാപങ്ങളെ പരിഹരിക്കുന്നതിനു മാത്രമല്ല, ഇനി പാപങ്ങളിൽ വീഴാതിരിക്കുന്നതിനും ആവശ്യമായിട്ടുള്ളതാണ്. നമ്മുടെ ആദിപിതാവിന്റെ പാപവും നമ്മുടെ കാരണവന്മാരുടെ പാപങ്ങളും നമ്മുടെ സ്വന്ത പാപങ്ങളും നിമിത്തം നമുക്കു തിന്മയിലേക്കുള്ള ചായ്വിൽ അധികരിച്ചിരിക്കുന്നു. അതുകയാൽ ഇശ്ചയടക്കം പുണ്യമായി ജീവിച്ചു രക്ഷ പ്രാപിക്കുന്നതിനു കൂടിയേ കഴിയൂ എന്ന ഒരു സംഗതിയായിരിക്കുന്നു.

എല്ലാ പുണ്യങ്ങളും ഉപവി എന്ന പുണ്യത്തിലടങ്ങിയിരിക്കുന്നു.

ക.) വിശ്വാസം എന്നതു വിശ്വസിക്കുന്നതിലുള്ള സ്നേഹമാണ്. ഖ) ശരണം എന്നതു പ്രത്തിരിക്കുന്നതിലുള്ള സ്നേഹമാണ്. ന) ഉപവി തന്നെത്താൻ ധാരാളമായി കൊടുക്കുക (ചിന്തുക) എന്നതിലുള്ള സ്നേഹമാണ്. ഘ) വിവേകം എന്നതു മുൻകൂട്ടി കാണുന്നതിലുള്ള സ്നേഹമാണ്. ങ) നീതി ഭാഗിച്ചുകൊടുക്കുന്നതിലുള്ള സ്നേഹമാണ്. ന) ആത്മശക്തി എന്നതു ബുദ്ധിമുട്ടുന്നതിലുള്ള (വിരോധങ്ങളോടുഎതിർക്കുന്നതിലുള്ള) സ്നേഹമാണ്. ഛ) പതം എന്നതു മിതത്തിലുള്ള സ്നേഹമാണ്. ഝ) ഏരിവു അഥവാ ശ്രദ്ധാനന്തി എന്നതു പ്രവർത്തിക്കുന്നതിലുള്ള സ്നേഹമാണ്. ൻ) ഭക്തി എന്നതു തന്നെത്തന്നെ ഒരു കാര്യത്തിനായി കയ്യാളിക്കുന്നതിലുള്ള സ്നേഹമാണ്. ഠ) പൂജിക്ക എന്നതു തന്നെത്തന്നെ ദഹിപ്പിക്കുന്നതിലുള്ള സ്നേഹമാണ്. ഡ) പരിത്യാഗം എന്നതു തന്നെത്തന്നെ മറന്നുകളയുന്നതിലുള്ള സ്നേഹമാണ്.

തിരുസംഘനിശ്ചയങ്ങൾ.

വെന്തീഞ്ഞുകൾക്കു പകരമുള്ള കാഴ്ചവസ്തുക്കൾ അശീർവ്വദിക്കുന്ന സംഗതിയെ പറ്റി "സാങ്ക്തിഒഫീച്ചി" എന്ന തിരുസംഘത്തിൽനിന്നു ഫെബ്രുവരി മാസം ൨൨-ാംനു താഴെവരുന്ന നിശ്ചയങ്ങൾ ചെയ്തിരിക്കുന്നു.

ക വെന്തീഞ്ഞുകൾ ഏൽപ്പിക്കുന്നതിനു അനുവാദമുള്ള പട്ടക്കാരൻ ഓരോ വെന്തിഞ്ഞിനു പകരമുള്ള കാഴ്ചവസ്തുക്കളെ ഒരു ഒറ്റ കുശാകൊണ്ടു അശീർവ്വദിപ്പാൻപാടുണ്ട്. പള്ളിയിലോ മ

റ്റു സ്ഥലത്തോ വിശ്വാസികൾ വാഴ്ത്തുവാനായി പിടിച്ചിരിക്കുന്ന ഏതു കാഴ്ചരൂപങ്ങളെയെങ്കിലും ഈ ഒരു മുദ്രാകൊണ്ടതന്നെ ആശീർവ്വദിക്കാം. പട്ടക്കാരൻ കാഴ്ചരൂപങ്ങൾ എല്ലാം കണ്ടില്ലെങ്കിലും വിരോധമില്ല.

൨. ഏതെങ്കിലും വെന്തിഞ്ഞ് ഏൽക്കുന്നതിനു ആഗ്രഹിക്കുന്ന ആളുകൾക്ക്, ആ വെന്തിഞ്ഞ് ഏൽക്കുന്നതിനു മുമ്പുതന്നെ, ഏറിട്ട ഇടേണ്ടതായ കാഴ്ചരൂപത്തെ മുൻകൂട്ടിവാഴ്ത്തികൊടുക്കാം.

൩. വെന്തിഞ്ഞുകൾ ഏറിട്ടുള്ളവർക്കും, പിന്നീട് ഏൽപ്പാൻ കരുതിയിരിക്കുന്നവർക്കും കാഴ്ചരൂപങ്ങൾ എല്ലാം ഒന്നായിട്ടു വാഴ്ത്തി ഭാഗിച്ചുകൊടുപ്പാൻ പാടുണ്ട്.

൧൯൨൨ . ൨ . ൨൮

നിന്റെ ആത്മാവു മരണമില്ലാത്തതാകുന്നു.

നിന്റെ ആത്മാവു് എന്നെന്നേക്കും ജീവിക്കുന്നതിനു ദൈവത്താൽ നിശ്ചയിക്കപ്പെട്ടതായിരിക്കുന്നു എന്നും അതു മറ്റു പല വസ്തുക്കളെപ്പോലെ അല്ലെന്നും നീ ഓർക്ക. ലൌകികമായതു സകലവും വേഗത്തിൽ കടന്നുപോകും. നൂറു വർഷത്തിന്റെ ശേഷം, നിന്റെ കുടുംബം, ബന്ധുക്കൾ, സ്നേഹിതർ മുതലായവരുടെ സ്ഥിതി എന്തായിരിക്കും? ലോകാരംഭം മുതൽ ഇതേവരെയും ഓരോ രാജ്യങ്ങളിലും മറ്റും എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടു!

ഇങ്ങനെയിരിക്കെ ആയിരം അല്ലെങ്കിൽ രണ്ടായിരം വർഷത്തിന്റെ ശേഷം നിനക്കും നിന്റെ സംബന്ധികൾക്കും എന്തു സംഭവിക്കുമെന്നും, ആർ നിങ്ങളെ ഓർക്കുമെന്നും സാല്വും ആലോചിക്കുക. ഇരുനൂറു വർഷത്തിനുമുമ്പു ജീവിച്ചിരുന്ന ആളുകളെക്കുറിച്ചു് എന്നുതന്നെയല്ല നിന്റെ സ്വന്ത പൂർവ്വികന്മാരെക്കുറിച്ചു നിനക്കുള്ള ഓർമ്മയും വിചാരവും എന്തു്?

ബുദ്ധിസാമർത്ഥ്യം, വീരപരാക്രമം, മുതലായ ഗുണങ്ങളാൽ ലോകത്തിന്റെ ആശ്ചര്യവിഷയങ്ങളായിരുന്ന മഹാന്മാർ ഇപ്പോൾ എവിടെ? അവരുടെ ഓർമ്മക്കുടെയും ഇപ്പോൾ ഉള്ളവർ ആർ? മായവും മായത്തിന്റെ മായവും! സകലവും മായം തന്നെ! ഗോപുരങ്ങളും അരമനകളും പട്ടണങ്ങളും സകലവും അവസാനിക്കും. നിന്റെ ഓർമ്മയെ നിലനിർത്തുന്നതിനായി നിന്റെ നാമം കൊത്തിയിരിക്കുന്ന കൂഴിമാടസൂംഭങ്ങളും കുറേക്കാലത്തിന്റെ ശേഷം നശിച്ചുപോകും. എന്നാൽ നിന്റെ ആത്മാവു് ആയിരം അല്ലെങ്കിൽ പതിനായിരം വർഷത്തിന്റെ ശേഷവും ഉണ്ടായിരിക്കും. ഇപ്പോഴത്തെപ്പോലെ അന്നും അതു ക്ഷയമില്ലാത്തതായിരിക്കും. ശിശുത്വം, യൌവനം എന്നിങ്ങനെയുള്ള പ്രായമാറ്റം അതിനില്ല. അപ്പൊഴോ വേഗം കടന്നുപോകുന്നതിനെക്കുറിച്ചു് എപ്പോഴും ആകുലചിന്തയായിരിക്കയും ഒരിക്കലും അവസാനമില്ലാത്തതിനെപ്പറ്റി ഒട്ടുംതന്നെ ഓർക്കാതിരിക്കയും ചെയ്യുന്നവരുടെ ഭോഷത്വവും വിചാരക്കുറവും എത്രയൊ വലിയതായിരിക്കുന്നു. നീ ദൈവത്തിന്റെ ശത്രു ആയിരിക്കയും ഒരു ദിവസമെങ്കിലും ജീവിക്കുമെന്നു ഉറപ്പു നിനക്കില്ലാതിരിക്കയും ചെയ്യുയിൽ യാതൊരു കലക്കവും നിന്നിൽ കാണപ്പെടുന്നില്ല. നരകക്കുഴിയിൽ വീഴാറായിട്ടും സമാധാനത്തിൽ നീ ഉറങ്ങുന്നതിനു തുനിയുന്നു. ഓ! ഇതെത്ര ഭയങ്കരമാണു്! ഒരിക്കൽ ഈ കുഴിയിൽ നി വീണാൽ പിന്നെ ഒരിക്കലും അതിൽ നിന്നു രക്ഷപെടുകയില്ലെന്നു ഓർത്തുകൊൾക. കടലോരത്തു് എത്ര മണൽത്തരികളും വൃക്ഷങ്ങളിന്മേൽ എത്ര ഇലകളും ഉണ്ടോ അത്രയും ആണ്ടുകൾ കുഴിഞ്ഞാലും നരകത്തിൽ കിടക്കേണ്ടിയ സമയം ഒട്ടും കുറയുകയില്ല. അപ്പൊഴോ അഴിഞ്ഞുപോകുന്ന ഈലോക നന്മകളിന്മേൽ അത്യാഗ്രഹവും ആകുലചിന്തയും വയ്ക്കാതെ മരണമില്ലാത്ത നിന്റെ ആത്മാവിന്റെ കാര്യത്തെക്കുറിച്ചു ശ്രദ്ധയോടെ വിചാരിക്കുക. ഭയത്തോടും വീര്യത്തോടും കൂടെ നിന്റെ രക്ഷയുടെ കാര്യം നി അന്വേഷിക്ക.

൧൯൨൨ . ൨ . ൨൮

ബൈസ്സുക്കാനാ.

വേദപുസ്തകത്തിൽ ബൈസ്സുക്കാനാ ഉണ്ടെന്നുള്ളതിനു ധാരാളം സാക്ഷികൾ ഉണ്ടെങ്കിലും പ്രോട്ടസ്റ്റൻറുകാർ അതിനെ സ്വീകരിക്കുന്നില്ല. അതിനുള്ള കാരണം എന്താണെന്നു നോക്കേണ്ടതാണ്. ബൈസ്സുക്കാനാ എന്ന വാക്കു വേദപുസ്തകത്തിൽ ഇല്ലെന്നു പ്രോട്ടസ്റ്റൻറുകാർ പറയുന്നതു ശരിതന്നെയാണ്. എന്നാൽ അതിനെ സൂചിപ്പിക്കുന്ന വാക്യങ്ങൾ ഇല്ലെന്നു അവർ പറയുന്നതു സത്യവിരുദ്ധമാണ്. എന്തെന്നാൽ ബൈസ്സുക്കാനാ എന്ന പദത്തെപ്പോലെ നമ്മുടെ സത്യവിശ്വാസത്തെ കാട്ടുന്ന അനേകം പദങ്ങൾ വേദപുസ്തകത്തിൽ ഇല്ലാത്തതാണ്. അതുകൊണ്ട് ആ സത്യവിശ്വാസം നിഷേധിക്കുന്നതു ഒരു സത്യക്രിസ്ത്യാനിക്ക് ഒരിക്കലും ചെയ്യാവുന്നതല്ല. ഉദാഹരണമായി ത്രീത്വമെന്നും മാനുഷാവതാരമെന്നും ഉള്ള പദങ്ങൾ വേദപുസ്തകത്തിൽ കാണുന്നില്ല. എന്നാലും ആ സത്യങ്ങളെ പ്രോട്ടസ്റ്റൻറുകാർ വിശ്വസിച്ചു വരുന്നുണ്ട്. ബൈസ്സുക്കാനാ ഉണ്ടെന്നുള്ള സത്യത്തെ തെളിയിക്കുന്ന ഏതാനും വേദപുസ്തകസാക്ഷികൾ താഴെ എഴുതുന്നു:— (൧) രണ്ടാം മക്കബായ പുസ്തകം ൧൫–ാം അദ്ധ്യായം ൯൩–൯൭ വാക്യങ്ങൾ പഠിപ്പിക്കുന്നതു ജീവിക്കുന്നവരുടെ നമസ്കാരങ്ങളാലും നന്മപ്രവൃത്തികളാലും മരിച്ചവർക്ക് സഹായം കിട്ടുന്നുവെന്നാണ്. (൨) മത്തായി ൧൬–ാം അദ്ധ്യായം ൧൮–ാം വാക്യത്തിൽ ചില ലഘുവായ പാപങ്ങൾക്ക പരലോകത്തിൽ മോചനം കിട്ടുന്നുണ്ടെന്നു നമ്മുടെ കർത്താവു നമ്മെ പഠിപ്പിക്കുന്നു. (൩) മാർ പത്രോസിൻെറ ഒന്നാം ലേഖനം മൂന്നാം അദ്ധ്യായം ൧൯–൨൦ വാക്യങ്ങളിൽ, നമ്മുടെ കർത്താവു കാരാഗൃഹത്തിൽ ഇരുന്നിരുന്ന ആത്മാക്കളോടു തൻെറ രക്ഷയുടെ പ്രവൃത്തി അറിയിച്ചതായി പ്രസ്താവിക്കപ്പെടുന്നു. ഇതുതന്നെ മത്തായി ൪–ാം അദ്ധ്യായം ൬–ാം വാക്യത്തിലും അവിടുന്നു പഠിപ്പിക്കുന്നു. (൪) ക്രൊന്തൃക്കുള്ള ഒന്നാം ലേഖനം ൩–ാം അദ്ധ്യായം ൧൯–൨൨ വാക്യങ്ങളിൽ എല്ലാ മനുഷ്യരുടേയും പ്രവൃത്തികളെ തീ പരിശോധിക്കുന്നെന്നും അതുമൂലം അവൻ രക്ഷ പ്രാപിക്കുന്നെന്നും മാർ പൌലോസു പഠിപ്പിക്കുന്നു.

൧ കൊ. ൩. ൧൫

നമ്മുടെ പരിശുദ്ധ പിതാവു പത്താം പീയൂസ് പാപ്പാ ചെയ്ത ഒരു അത്ഭുതം.

യവനപ്രായക്കാരികളായ രണ്ടു കന്യകകൾ കഠിന രോഗത്തിൽ ഉൾപ്പെട്ടു ദീഘ്നാൽ പീഡിക്കപ്പെട്ടുവന്നിരുന്നു. ഇവരുടെ രോഗം സുഖപ്പെടുവാൻ അസാദ്ധ്യമെന്നു വൈദ്യന്മാർ വിധിച്ചുമിരുന്നു. ഇതു നിമിത്തം ഈ ദൈവഭക്തകൾ നമ്മുടെ പരിശുദ്ധ പിതാവിനെക്കണ്ടു അങ്ങേ ആശീർവ്വാദം ലഭിച്ചാൽ തങ്ങൾക്കു സുഖം സിദ്ധിക്കും എന്നു പ്രതീക്ഷിച്ചിരുന്നു. ഇതിനാൽ റോമ്മിലേക്കു ഇവരെ കൊണ്ടുപോകുന്നതിനു അപേക്ഷിക്കയും ആവശ്യമായ അനുവാദനസൗകര്യം ഇവരെ വാഹനത്തിലാക്കി റോമ്മയിലേക്കു കൊണ്ടുപോകയും ചെയ്തു. പരിശുദ്ധ പിതാവിൻെറ സന്ദർശന മന്ദിരത്തിൽ ഇവരെ വഹിച്ചുകൊണ്ടു ചെല്ലുന്ന നേരത്തിന്നിടയിൽ പല പ്രാവശ്യം ബോധക്ഷയമായിപ്പോകയും, അപ്പോൾ മരിച്ചുപോകുമെന്നു തോന്നുകയും ചെയ്തിരുന്നു. ആ മന്ദിരത്തിൽ എത്തിയ ഉടനെ ത്വരിതപ്പെട്ടു പരിശുദ്ധ പിതാവിനെ വിളിക്കയും അങ്ങുന്നു ശീഘ്രം ഇവരുടെ സമീപെ വന്നു സഹതാപസ്വരത്തോടെ "ഓ എൻെറ മക്കളെ നിങ്ങൾക്കു സുഖക്കേടായിരിക്കുന്നു അല്ലയൊ" എന്നു അരുളിച്ചെയ്കയും ചെയ്തു. ഇതിനു ഈ കന്യാസ്ത്രികൾ "അതെ പരിശുദ്ധ പിതാവെ, ഞങ്ങൾക്കു സുഖമില്ല; ഞങ്ങളെ ഇരുപേരേയും അങ്ങിനു ആശീർവ്വദിപ്പാൻ വേണ്ടിയാകുന്നു. ഞങ്ങൾ വന്നിരിക്കുന്നതു"; ഞങ്ങൾ ചെറുപ്രായക്കാരും ഞങ്ങളുടെ സഭയിൽ അളുകൾ ചുരുക്കവുമാകയാലും, ഞങ്ങളുടെ ശുശ്രൂഷകൊണ്ടും അവശ്യപ്പെട്ടുകയാലും, ഞങ്ങൾക്കു ഇപ്പോൾ മ

രിക്കാതിരിക്കേണമെന്നു ആ ആഗ്രഹം "കൊള്ളാം, കൊള്ളാം, പ്രിയപ്പെട്ട മക്കളെ, നിങ്ങൾ ഇപ്പോൾ മരിക്കയില്ല, നിങ്ങൾ ഇനിയും ദീർഘകാലം ജീവിച്ചു വളരെ നന്മചെയ്യും" എന്നു പരിശുദ്ധ പിതാവു കനിവോടെ അരുളിച്ചെയ്തു. ഇതിന്റെശേഷം ഈ മ്ശിഹായുടെ സ്ഥാനാപതി അല്പനേരം ബഹു ഗാഢവും ഗൌരവവുമായ ചിന്തയോടെ നില്ക്കയും കുറവിൽ പരിശുദ്ധ കുരിശിന്റെ അടയാളത്തിൽ ഇവരെ ആശീർവ്വദിക്കയും ചെയ്തു. ഇതിന്റെശേഷം പരിശുദ്ധ പിതാവു ആനന്ദത്തോടും മന്ദസ്മിതത്തോടും കൂടി പിന്തിരികയും ചെയ്തു.

പരിശുദ്ധ പിതാവു അവിടനിന്നു പോയ ക്ഷണത്തിൽ, അതുവരെ തന്നെത്താൻ എഴുന്നേല്ലാൻ മേലാതെ കിടന്നിരുന്ന ആ ഇരുകന്യകകളും പരാശ്രയം കൂടാതെ എഴുന്നേല്ക്കയും, വത്തിക്കാൻ അരമനയുടെ വലിയ കോവണി പ്രയാസമെന്യെ ഇറങ്ങി തങ്ങൾക്കു സിദ്ധിച്ച പൂർണ്ണ സുഖം സകലരും കണ്ടു വിസ്മയിപ്പാൻ ഇടയാക്കുകയും ചെയ്തു. ഇവരോടുകൂടി ഉണ്ടായിരുന്നമറു കന്യാസ്ത്രീകളും ആ മന്ദിരത്തിൽ ഉണ്ടായിരുന്ന മാന്യകാവൽ സൈന്യവും ഈ ദൈവിക അത്ഭുതം കണ്ടു വിസ്മയപൂരിതരായിരുന്നു. മരിപ്പാൻതക്കസ്ഥിതിയിൽ ഈ അരമനയിൽ വന്നിരുന്നവർ പൂർണ്ണസ്വസ്ഥതയോടെ തങ്ങളുടെ മഠത്തിലേക്കു പിന്തിരിഞ്ഞു. എല്ലാവരുംകൂടി ജപസ്തോത്രത്തിൽ ദൈവസ്തോത്രം പാടുകയും ചെയ്തു. ഇവക്കു അത്ഭുതമായി സിദ്ധിച്ച ഈ സ്വസ്ഥതയുടെ വിവരം പിറേറദിവസം പരിശുദ്ധ പിതാവിനോടു പറഞ്ഞപ്പോൾ, അങ്ങുന്നു "ഇതാ ആ നല്ല പുത്രികളുടെ വിശ്വാസം അവക്കു വരുത്തിയിരിക്കുന്നതു കാണുവിൻ" എന്നു എളിമയോടെ അരുളിച്ചെയ്തു.

(തിരുഹൃദയദൂതൻ.)

സച്ചിന്താവലി.

ആത്മാവിന്റെ അഴകു ദൈവത്തിന്റെ നേരെ അതിനുള്ള അനുസരണയെ ആശ്രയിച്ചിരിക്കുന്നതാണ്.

വി. അഗുസ്തീനോസ്.

കർത്താവു നിനക്കു മരിച്ചവരെ പുനർജ്ജീവിപ്പിക്കാനുള്ള ശക്തി തരുന്നെങ്കിൽ അതു നിനക്കു സങ്കടവും കഷ്ടപ്പാടും അയക്കുന്നതിനേക്കാൾ വളരെ ലഘുവായ കായ്മാണ്. നീ അത്ഭുതങ്ങൾപ്രവർത്തിക്കുന്നെങ്കിൽ അതുമൂലം നീ അവിടത്തെ കടക്കാരനാണ്. നീ കഷ്ടപ്പാടുകൾ സഹിക്കുന്നതായാൽ അവിടുന്നു നിന്റെ കടക്കാരനായി തീരുന്നതാണ്. നിന്റെ പേരിലുള്ള സ്നേഹം മുഖാന്തരം നിനക്കു വേണ്ടി മരിച്ച ദൈവത്തെപ്രതി വല്ലതും സഹിക്കാൻ സാധിച്ചതിലുള്ള ഭാഗ്യമല്ലാതെ വേറെ പ്രതിഫലം നീ അനുഭവിക്കുന്ന സങ്കടങ്ങൾക്കു കിട്ടുകയില്ലെന്നിരുന്നാലും അതുതന്നെ മതിയായ പ്രതിഫലമല്ലയോ? സ്നേഹിക്കുന്ന എല്ലാവക്കും ഞാൻ പറയുന്നതു മനസ്സിലാകുന്നതാണ്. വി. ക്രിസോസ്തോമോസ്.

നീ പറയുകയൊ പ്രവർത്തിക്കുകയൊ ചെയ്യുന്ന എന്തെങ്കിലും എല്ലാവരും സ്വീകാര്യമായി കരുതാതെ വരുന്ന പക്ഷം, ആ കാരണത്താൽമാത്രം നിന്റെ എല്ലാവാക്കുകളെയും പ്രവൃത്തികളെയും നീ പരിശോധിക്കേണ്ടതല്ല. എന്തുകൊണ്ടെന്നാൽ നാം പറയുകയൊ പ്രവൃത്തിക്കുകയൊ ചെയ്യുന്നതു മറ്റുള്ളവർക്കു ബോദ്ധ്യപ്പെട്ടൊ എന്നറിവാൻ അത്യാശപ്പെടുന്നതു അമിതമായ ആത്മസ്നേഹത്തിന്റെ ലക്ഷ്യമാണ്.

വി. ഫ്രാൻസീസ്സ് ദെസാലെസ്.

വേദസാക്ഷികളെ നിത്യമായി പുഷ്കിരീടം ധരിപ്പിക്കാനിരിക്കുന്നതിനാൽ മുള്ളുകൊണ്ടുള്ള മുടി ധരിപ്പിക്കപ്പെട്ടു!

വി. ചിപ്രിയാനോസ്.

മറു പുണ്യങ്ങൾമൂലം, നമുക്കുള്ളവയെ അവിടേക്കു (ദൈവത്തിനു) സമർപ്പിക്കുന്നു. കീഴ്വഴക്കം മൂലമാവട്ടെ നമ്മെതന്നെ പ്രദാനം ചെയ്യുകയാണ് ചെയ്യുന്നതു. വി. ഗ്രീഗോരിയോസ്.

എനിക്കു നേരിട്ട ആപത്തിനെ പരിഹരിക്കാൻ ഉപയോഗിക്കപ്പെട്ട പ്രതിവിധിയെപ്പറ്റിയുള്ള പശ്ചാലോചനയിൽ നിന്നു ആ ആപത്തു എത്ര വലുതായിരു

ന്നുവെന്നു എനിക്കു മനസ്സിലാകുന്നു. ഞാൻ സുഖമായിരിക്കുന്നുവെന്നാണു് ഞാൻ വിചാരിച്ചതു്. പക്ഷേ ഈ അതുന്നതന്റെ പുത്രനായ കന്യകാകുമാരന്റെ രക്തം പൂശി എന്റെ മുറിവുകളെ സുഖപ്പെടുത്താനായി അയാൾ അയക്കപ്പെടുകയും, അയാളെ കൊലപ്പെടുത്താൻ ആജ്ഞ നൽകപ്പെടുകയും ചെയ്യുന്നു.

വി. ചിപ്രിയാനോസു്.



തിരുഹൃദയ ഭക്തന്മാർ

൯൯൫ കുംഭമാസത്തിൽ ചെയ്യേണ്ടതു്

ചൊതുക്കുരുതൽ.

കിഴക്കൻ സഭകളുടെ,
കത്തോലിക്കാ തിരുസഭയുടെ ഐക്യത്തിലേക്കുള്ള പിന്തിരിവു്.

ക്രിസ്തീയവേദം ആരംഭിച്ച കാലത്തു പ്രബലാവസ്ഥയിൽ ഇരുന്നിരുന്ന റോമാസാമ്രാജ്യം കിഴക്കേതും പടിഞ്ഞാറേതും എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിക്കപ്പെട്ടതിനോടെ ക്രിസ്തീയലോകത്തിനും കിഴക്കൻസഭകളെന്നും പടിഞ്ഞാറൻ സഭയെന്നും ഇങ്ങനെ രണ്ടുഭാഗങ്ങളുള്ള പ്രകാരം വിചാരിക്കപ്പെട്ടുതുടങ്ങി. വിശ്വാസം, സദാചാരം എന്നിവയെ സംബന്ധിച്ച തത്വങ്ങളിൽ ഈ സഭകൾ തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതിരുന്നതിനാൽ അവ എല്ലാം കത്തോലിക്കാസഭയുടെ ഭാഗങ്ങളായിതന്നെ ഇരുന്നിരുന്നു. കാലക്രമേണ എല്ലായിടത്തും 'ശീശ്മ'ക്കാരായൊ പതിതന്മാരായൊ അനവധിയാളുകൾ തിരുസഭയുടെ ഐക്യത്തിൽനിന്നു മാറിപ്പോവുകയുണ്ടായല്ലൊ. ഇങ്ങനെയുള്ള കേടു കിഴക്കൻസഭകൾക്കു പറ്റിയതു പ്രധാനമായി ക്രി-ാം നൂറാണ്ടിനുമുമ്പു പലേ ഘട്ടങ്ങളിലായിട്ടാണു്. പലപ്പോഴായി കിഴക്കൻസഭക്കാരായ അനവധിയാളുകൾ തിരുസഭയിലേക്കു പിന്തിരിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും തിരുസഭയോടു് ഏതുത്തു നിൽക്കുന്നവരുടെ തുക നോക്കുന്നതായാൽ ഇതു് അത്ര ഗണ്യമായി വിചാരിക്കേണ്ടതില്ല. അനവധി പുണ്യവാന്മാരെക്കൊണ്ടും വിശ്രുതന്മാരായ വേദശാസ്ത്രജ്ഞന്മാരെക്കൊണ്ടും ആരംഭകാലം മുതൽതന്നെ അലംകൃതമായിരുന്ന കിഴക്കൻസഭകൾക്കു നേരിട്ട അധഃപതനത്തെപ്പറ്റി തിരുസഭ എക്കാലത്തും വിലപിച്ചിട്ടുള്ളതും അവയുടെ പിന്തിരിവിനെ വളരെ കാംക്ഷിക്കയും അതിലേക്കു പ്രയത്നിക്കയും ചെയ്തിട്ടുള്ളതുമാണു്. തന്റെ മുൻഗാമികളെപ്പോലെതന്നെ ക്രി-ാം പീയൂസ് മാപ്പാപ്പായിക്കും ഈ വിഷയത്തിലുള്ള താല്പര്യത്തിന്റെ ഒരു ലക്ഷ്യമായിട്ടാണു് 'കിഴക്കൻ സഭകളുടെ തിരുസഭയിലേക്കുള്ള പിന്തിരിവിനുവേണ്ടി' ഈ മാസത്തിൽ തിരുഹൃദയ ഭക്തന്മാർ പ്രത്യേകം പ്രാർത്ഥിക്കണമെന്നു് അവിടുന്നു ആഗ്രഹിക്കുന്നതു്. അവിടത്തെ ആഗ്രഹപ്രകാരം ഇവർ പ്രവർത്തിക്കുമെന്നു് ഓർപ്പിച്ചുകൊള്ളുന്നു.

ലോകവർത്തമാനച്ചുരുക്കം.

വെയിത്സ് രാജകുമാരൻ അടുത്ത ആഗസ്റ്റുമാസത്തിൽ യൂറോപ്പു സന്ദർശിക്കുന്നതാണെന്നും അദ്ദേഹം ഒരു ഗ്രീക്കു രാജകുമാരിയെ കല്യാണം കഴിക്കുന്നതാണെന്നും ഉണ്ടായ കേൾവി വാസ്തവമല്ലെന്നു പറയപ്പെടുന്നു.

യാത്രക്കാരുടെ സൌകര്യത്തിനു വേണ്ടി ഇംഗ്ലണ്ടിന്നും കറാച്ചിക്കും മദ്ധ്യേ കപ്പലോടിക്കുന്നതിനു ബ്രിട്ടീഷിൻഡ്യൻ സ്റ്റീം നാവിഗേഷൻ കമ്പനിക്കാർ തീർച്ചപ്പെടുത്തിയിരിക്കുന്നു.

കായൽ നികത്തുന്നതിനുള്ള തടസ്സം നിവൃത്തൽ ചെയ്യുകൊണ്ട് ദിവാൻ മിസ്റ്റർ പി. രാജഗോപാലാചാര്യരുടെ നേക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നതിനായി, വെമ്പനാട്ടുകായലിൽ 'ഇ' ബ്ലാക്ക് പതിച്ചുകിട്ടിയിട്ടുള്ളവരുടെ ഒരു യോഗം ഇയ്യിടെ ആലപ്പുഴെ കൂടിയിരുന്നതായും പ്രസ്തുത യോഗത്തിൽവച്ചു 'ഈ' ബ്ലാക്കിനു 'രാജഗോപാലപുരം കായൽ' എന്നു നാമകരണം ചെയ്തിരിക്കുന്നതായുമറിയുന്നു.

വിമാനത്തിൽ നിന്നു ആംഗ്ലോകാണിച്ചു അന്യന്മാരെ കായ്യം മനസ്സിലാക്കുന്നതിനു വിശേഷതരമായ ഒരു സൂത്രം ഈയിടെ പ്രാൻസിൽ പ്രയോഗിച്ചു തുടങ്ങിയിരിക്കുന്നു.

ഉരുളക്കിഴങ്ങു പുഴുങ്ങിയ വെള്ളം കൊണ്ടു അരിമ്പാറയുള്ള കൈകൾ തേച്ചു കഴുകുകയൊ, ആ വെള്ളത്തിൽ കൈമുക്കുകയൊ ചെയ്താൽ അരിമ്പാറ തീരെ വിട്ടുപോകുമെന്നു കാണുന്നു.

കണ്ണിൽ ചുണ്ണാമ്പു തട്ടിയാൽ വച്ച വെള്ളത്തിൽ പഞ്ചസാര കലക്കി അതുകൊണ്ടു ധാരയിട്ടാൽ സുഖം കിട്ടുന്നതാണ്. പച്ചയടക്കായുടെ നീരെടുത്തു ധാരയിട്ടാലും വളരെ നല്ലതാകുന്നു.

ജാപ്പാനിൽ ഭൂമികുലുക്കവും ക്ഷാമവുംനിമിത്തം അനാഥരായിത്തീർന്ന കഷ്ടപ്പെട്ടവരെ സഹായിക്കുന്നതിനു വേണ്ടിയുള്ള ധനശേഖരത്തിലേയ്ക്കു യഥാശക്തി ഓരോ സംഭാവനകൾ ചെയ്യുന്നതിനായി ഐക്യരാജ്യങ്ങളുടെ പ്രസിഡന്റു വിൽസൻ അവർകൾ "റെഡ് ക്രോസ് സൊസൈറ്റി"യുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പൊതുജനങ്ങളോടു അപേക്ഷിച്ചിരിക്കുന്നു.

വ്യവസ്സ പ്രായമുള്ള മാർഗരറ്റു ബോസെമൊണ്ട് എന്നു പേരായ ഒരു ദേവാലയ ശുശ്രൂഷിണിയെപ്പറ്റി 'ലക്രോവാ' എന്ന പ്രഞ്ചുപത്രം ചില സംഗതികൾ പ്രസ്താവിച്ചിരിക്കുന്നു. വീല്ലെ അവുവാൾ എന്ന സ്ഥലത്തുള്ള അവളുടെ ഇടവകപ്പള്ളിയെ ശുചിയാക്കിയും അലങ്കരിച്ചും സൂക്ഷിക്കുന്ന ജോലി യാതൊരു പ്രതിഫലവും കൂടാതെ അവൾ നാല്പ വർഷക്കാലമായി നിർവ്വഹിച്ചുവരികയാണ്. അങ്ങുമിങ്ങും വിശ്രമിച്ചും പണിപ്പെട്ടും ദിവസംതോറും രണ്ടുപ്രാവശ്യം പള്ളിയിൽ പോകുന്നുണ്ട്. വൈകുന്നേരം വി. കുർബാനയെ സന്ദർശിച്ചുംവച്ചു അവൾ തന്നെ പള്ളി പൂട്ടിയിടുകയാണു ചെയ്യുന്നതു്. വയസ്സിന്റെ ആധിക്യംനിമിത്തം പള്ളിയുടെ താക്കോൽ തന്റെ കൈവശത്തിൽ വെക്കുന്നതിനു വിരോധമുണ്ടോയെക്കുമൊ എന്നുള്ള ശങ്ക അവൾക്കു അസഹനീയമാണ്. പക്ഷെ അങ്ങനെ അവൾ ഭയപ്പെടേണ്ടതില്ലെന്നും മരണംവരെ പ്രസ്തുത താക്കോലുകൾ അവളുടെ കൈവശംതന്നെ വച്ചുകൊള്ളുന്നതിനു വിരോധമുണ്ടാകയില്ലെന്നും വികാരിയച്ചൻ അവളോടു പറഞ്ഞിട്ടുണ്ട്.

അമേരിക്കൻ ഐക്യനാട്ടുകളിൽ ആകെ പതിനാലായിരത്തി മുന്നൂറ്റി പതിനൊന്നു കത്തോലിക്കു ദേവാലയങ്ങൾ ഇപ്പോഴുണ്ട്. അവയിൽ മുന്നൂറ്റെഴുപത്തിമൂന്നെണ്ണം ഫൻഫര—ൽ വണിചെയ്യിക്കപ്പെട്ടവയാകുന്നു. ഐക്യനാട്ടുകളിലും അതോടു ചേർന്ന ചില ദ്വീപുകളിലുമായി അധിവസിക്കുന്ന കത്തോലിക്കരുടെ സംഖ്യ ൨,൫൫,൨൯,൦൫൦ ആണ്.

ഗ്രീക്കർ തങ്ങളുടെ എല്ലാ വീടുകളിലും ക്രിസ്തുമസ്സ് കാലത്തിൽ വൈക്കോൽ വിതറുകയും മേശകളെ വൈക്കോൽ കൊണ്ടു അലങ്കരിക്കയും ചെയ്യുന്നതിവാണ്. രാജകൊട്ടാരംപോലും ഇതിൽ നിന്നു വ്യത്യസ്തമായിരിക്കുന്നില്ല. ഇക്കഴിഞ്ഞ ക്രിസ്തുമസ്സ് ദിവസത്തിൽ കൊൺസ്റ്റന്റൈൻ രാജാവവർകൾ രാജസന്താനങ്ങളോടുകൂടെ കൊട്ടാരത്തിന്റെ എല്ലാ മുറികളിലും നടന്നു സ്വന്തകൈകൊണ്ടുതന്നെ വയ്ക്കോൽ വിതറുകയുണ്ടായി.

ലോകത്തിലേക്കും അക്രമങ്ങൾ ചുരുങ്ങിയ രാജ്യം അയർലണ്ടാണെന്നും കൊല്പംതോറും ഈ വിഷയത്തിൽ അതു ഉപരിയുപരി അഭിവൃദ്ധിപ്പെട്ടാണു വരുന്നതെന്നും 'ഗ്ലാസ്ഗോ ഒബ്സേർവർ' എന്ന പത്രം പ്രസ്താവിക്കുന്നു. ഫൻഫരലെ കണക്കിൻപ്രകാരം തന്നാണ്ടിൽ തലയോണ്ടിനെ അപേക്ഷിച്ചു നമ്മുടെ നിയമലംഘനങ്ങൾ കുറവാണുള്ളതു്. പ്രസ്തുത വർഷം ഇംഗ്ലണ്ടിലെ 'കുറ്റ'ങ്ങളുടെ സംഖ്യ ൧൩൫൦ ആയിരുന്നു. അയർലണ്ടി

ലാവട്ടെ ഉദ്ദേശം മാത്രമെ ഉണ്ടായിരുന്നുള്ളു. ഇവരിൽ വൈ പേർ ഗ്രേറ്റ് ബ്രിട്ടനിൽ നിന്നും ൯൫ പേർ ബ്രിട്ടിഷ് കോളനികളിൽ നിന്നും ൨൫ പേർ അന്യരാജ്യങ്ങളിൽ നിന്നും വന്നവരാണ്.

മേരിയൻ കോൺഗ്രസിനെപ്പറ്റി ആലോചിപ്പാനായി ഫെബ്രുവരി ൨൫-നു തുശ്ശിനാപ്പള്ളിയിൽവച്ചു കൂടുന്ന പ്രാരംഭയോഗത്തിൽ വരാപ്പുഴ അതിരൂപതയിൽ നിന്നു പ്രതിനിധികളായി റവ. ഫാദർ ജോജ്ജക്കുർസു അവർകളും മിസ്റ്റർ വി. വി. ജോസപ്പും പോകുമെന്നു കാണുന്നു.

ജർമ്മനിയിലെ വില്യം ചക്രവത്തി സ്ഥാനോഹരണം ചെയ്തതിന്റെ രജത ജൂബിലി ആഘോഷിക്കപ്പെട്ട അവസരത്തിൽ ജർമ്മൻ സാമ്രാജ്യത്തിലെ കത്തോലിക്കാ രൂപതകളിൽ നിന്നു ഒരു ധനശേഖരം ചെയ്തു മിഷ്യൻ ഉപയോഗത്തിലേക്കായി ചക്രവത്തിയവർകൾക്കു സമർപ്പിച്ച വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. പ്രസ്തുത ധനശേഖരത്തിലേക്കു സിദ്ധിച്ചതു ൧൨൬൨൫൦ മാർക്ക് സാണ്. ചക്രവത്തിയവർകൾ ഈ ദാനം സന്തോഷപൂർവ്വം സ്വീകരിച്ചു ജർമ്മനിയുടെ രക്ഷാധികാരത്തിലിരിക്കുന്ന ൨൨ കത്തോലിക്കാ മിഷ്യനകൾക്കായി വിഭജിച്ചുകൊടുക്കാൻ ഉത്തരവു കൊടുത്തിരിക്കുന്നു. ഇതിൻപ്രകാരം ൫൦ വികാരിയാത്തുകൾക്കും പ്രീഫെക്ചർ അപ്പസ്തോലിക്കകൾക്കും ഒരു ലക്ഷവും ഒരു ലക്ഷത്തി അമ്പതിനായിരവും പ്രാങ്കുവീതം സിദ്ധിക്കുന്നതാണ്.

പോർട്ടുഗളിലെ വേദവിരോധികൾ തിരുസഭയോടു ചെയ്യുന്ന ശല്യങ്ങളെ അതിന്റെ അധീനത്തിൽപെട്ട കോളനികളും അനുകരിക്കുന്നതിനു തുടങ്ങിയിരിക്കയാണ്. കോളനികളിൽ ഇതുപര്യന്തം ഗവർമ്മേണ്ടു അവയെ പ്രോത്സാഹിപ്പിക്കാൻ ഭയപ്പെട്ടിരിക്കയായിരുന്നു. ഇപ്പോൾ ഇതാ മൊസാംബിക്കിലുള്ള പാഠശാലകളിൽ വേദശാസ്ത്രാധ്യയനം നടത്തിക്കൂടായെന്നു ഒരു പരസ്യക്കല്പന പുറപ്പെട്ടിരിക്കുന്നു. ഇതനുസരിച്ചു സ്കൂളുകളിൽ നിന്നിറങ്ങിപ്പോകേണ്ട വേദശാസ്ത്രാപകന്മാരുടെ കൂട്ടത്തിൽ വളരെ ഡലേസ്യൻ സഭക്കാർ ഉണ്ടെന്നാണ് കാണുന്നതു.

തുശ്ശിനാപ്പള്ളി മെത്രാൻ ഡോക്ടർ ജെ. എം. ബാത്തെ എസ്. ജെ. അവർകൾ ശരീരാസ്വാസ്ഥ്യം നിമിത്തം ജോലിയിൽനിന്നു പിരിയുകയും തൽസ്ഥാനത്തിൽ ഇതുവരെ അദ്ദേഹത്തിന്റെ 'സഹായമെത്രാ'നായിരുന്ന ഡോക്ടർ എ. ഫയിസിയാണ്ടിയർ എസ്. ജെ. അവർകൾ നിയമിക്കപ്പെട്ടകയും ചെയ്തിരിക്കുന്നു. പുതിയ മെത്രാനവർകളുടെ സ്ഥാനാരോഹണകർമ്മം നടന്നതു കഴിഞ്ഞ ൧൯൦൨ ജനുവരി ൨൭ നു തുശ്ശിനാപ്പള്ളി കത്തീഡ്രൽ ദേവാലയത്തിൽ വച്ചാണ്. ഇതിൽ സംബന്ധിക്കുന്നതിനായി വന്നിരുന്ന ജനങ്ങളെക്കൊണ്ടു ദേവാലയം നിബിഡമായിരുന്നു. വിശേഷാൽ മഹോന്നത ദിവ്യശ്രീ ഡെലിഗറ്റ് അപ്പസ്തോലിക്ക് മോൺസിഞ്ഞോർ സലേസ്യിയവർകളുമുണ്ടായിരുന്നു.

അയർലണ്ടുകാരുടെപേരിൽ അമേരിക്കാക്കാരെപ്പോലെ അനുകമ്പയുള്ളവരുണ്ടെന്നു തോന്നുന്നില്ല. അവരുടെ ഓരോ അവകാശങ്ങളെ പിൻതാങ്ങുന്നതിനും അവരുടെ കഷ്ടപ്പാടുകളെ ആർദ്രബുദ്ധികളുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കുന്നതിനും അമേരിക്കർ അവസരോചിതമായി ചെയ്യാറുള്ള ഉദ്യമങ്ങൾ ഇതിനെ ധാരാളം ലക്ഷീകരിക്കുന്നുണ്ട്. ഇപ്പോൾ ഇവരുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചിരിക്കുന്നതു അയർലണ്ടിനു പ്രതാപകരവും ഗുണസംവർദ്ധകവുമായ അയർലണ്ടിന്റെ സ്വയംഭരണബില്ലാണ്. തങ്ങളുടെ സഹോദരങ്ങൾക്കും സ്വാതന്ത്ര്യം കിട്ടണമെന്ന അവർക്കുള്ള അഭിലാഷം അല്പമല്ല. പക്ഷേ ബിൽ പാസ്സാക്കുന്നതിൽവച്ചു അവർക്കു അല്പം കുണ്ഠിതത്തിനും വകയുണ്ടെന്നു "സൂയോർക്ക ഈവിനിങ്ങ് മെയിൽ" എന്ന പത്രം പ്രസ്താവിക്കുന്നു. അതിന്റെ കാരണം ഇതാണ്. അയർലണ്ടിനു സ്വയംഭരണം കിട്ടിക്കഴിഞ്ഞാൽ പല കാരണങ്ങളാലും അവിടെ ധനം വർദ്ധിക്കയും ഗണ്യമായ മറ്റു പരിഷ്കാരങ്ങൾ ഉണ്ടാകയും ചെയ്യുന്നതിനു തുടയുള്ളതാണല്ലൊ. അങ്ങനെ വരുന്നപക്ഷം അയർലണ്ടിൽ കുടിയേറി പാർക്കുന്ന ഐറിഷ്കാരിൽ പലരും ജന്മഭൂമിയിലേക്കുതന്നെ മടങ്ങുന്നതിനു എളുപ്പമുണ്ട്. ൧൯൦൨-ൽ അയർലണ്ടിലെ

ജനസംഖ്യ വ൨,൭൭,൫൭൪ ആയിരുന്നു. ഫെബ്രുവരി-ലെ കണക്കിൻപ്രകാരമാവട്ടെ അതു ൨൯,൭൨,൯൫൫ ആയി കുറയുകയാണുണ്ടായതു്. ഇത്രവലിയ കുറവിനു കാരണം മുഖ്യമായി അമേരിക്കായിലേക്കുള്ള കുടിയിറക്കമാണ്. അടുത്ത എഴുപതു വർഷക്കാലത്തിനിടയ്ക്കു അയർലണ്ടു വിട്ടുപോയവരുടെ തുക അവിടത്തെ ആധുനിക ജനസംഖ്യയേക്കാൾ അധികമായിട്ടാണിരിക്കുന്നതു്. അയർലണ്ടിൽനിന്നുള്ള ഈ ജനപ്രവാഹം ആ രാജ്യത്തിനു നഷ്ടമായിട്ടുണ്ടെങ്കിലും, അവരെ സ്വീകരിച്ച അമേരിക്കായിക്കു ഗണ്യമായ ലാഭമായിട്ടുണ്ടെന്നുള്ളതു അമേരിക്കക്കാർ ഏകകണ്ഠമായി സമ്മതിക്കാതിരിക്കുന്നില്ല. അയർലണ്ടിന്റെ ശ്രേഭോദയം, അതിന്റെ സന്താനങ്ങളിൽ പലരേയും അമേരിക്കായിൽ നിന്നു പിൻവലിച്ചേക്കാമെങ്കിലും അവരുടെ പരിശ്രമത്തിന്റെ ഫലമായി അവിടെ ഉണ്ടായിട്ടുള്ള നിരവധി ദീവണ്ടിപ്പാതകളും പ്രവൃത്തിശാലകളും മറ്റും അയർലണ്ടിന്റെ പേരിൽ അമേരിക്കായിക്കു വേണ്ടതായ കൃതജ്ഞതയെ എക്കാലത്തും വിളിച്ചറിയിക്കുന്നതാണ്.

മരണം.

കോട്ടയം മിസ്സത്തിന്റെ വികാരി അപ്പൊസ്തോലിക്കാ നി. വ. ദിവ്യശ്രീ മാക്കിൽ മാർ മത്തായി മെത്രാനച്ചൻ അവർകൾ ജനുവരി ൨൯-തിങ്കളാഴ്ച ഉച്ചകഴിഞ്ഞു നാലരമണിക്കു് അന്ത്യക്രിയാശകൾ എല്ലാം സുബോധത്തോടെ കൈക്കൊണ്ടുകൊണ്ടു തന്റെ ആത്മാവിനെ സ്രഷ്ടാവിന്റെ തിരുക്കരങ്ങളിൽ സമർപ്പിച്ചിരിക്കുന്നുവെന്നുള്ള വിവരം ദുഃഖസമേതം വായനക്കാരെ അറിയിച്ചുകൊള്ളുന്നു. തിരുസിംഹാസനത്തിൽ നിന്നു് ഇക്കാലത്തു മലയാളത്തിലെ കൽദായ സുറിയാനിക്കാർക്കു നിയമിച്ചു തന്നിട്ടുള്ള മെത്രാന്മാരിൽ ഒന്നാമനായി ചരമഗതിയെപ്രാപിച്ച ഈമഹാത്മാവിന്റെ മരണവർത്തമാനം പൊതുവെ എല്ലാവർക്കും ദുസ്സഹമായ മനസ്താപത്തെ ജനിപ്പിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇദ്ദേഹം രോഗിയായി അധിക ദിവസങ്ങൾ ശയ്യയിൽ കിടന്നിരുന്നില്ല. അതിനാൽ ഈ സംഭവം കേവലം അപ്രതീക്ഷിതമായ ഒന്നുതന്നെയായിരുന്നു. ശവസംസ്കാരം ചെയ്യപ്പെട്ടതു കോട്ടയത്തു എടയ്ക്കാട്ടു കത്തീഡ്രൽ ദേവാലയത്തിലാണ് സംസ്കാരകർമ്മത്തിൽ സംബന്ധിക്കുന്നതിനായി ഒട്ടുവളരെ ജനങ്ങളും വൈദികന്മാരും സന്നിഹിതരായിരുന്നതിനും പുറമെ, ഡെലിഗേറ്റ് അപ്പൊസ്തോലിക്കു് അവർകളുടെ പ്രതിനിധിയായി പുത്തൻപള്ളി സെമിനാരി റെക്ടറായിരുന്ന ദിവ്യശ്രീ ഫാദർ ബൊനിഫെസ് അവർകളും വരാപ്പുഴ മെത്രാപ്പോലീത്താ അവർകളുടെ പ്രതിനിധിയായി അവിടത്തെ വികാരി ജനറാളവർകളും വന്നിട്ടുണ്ടായിരുന്നു. പരേതനായ ഈ മഹാനിൽ പരിലസിച്ചിരുന്ന സൽഗുണങ്ങൾ സുപ്രസിദ്ധങ്ങളാകയാൽ ഇവിടെ പ്രത്യേകം ഞങ്ങൾ പ്രസ്താവിക്കേണ്ടതായിട്ടില്ല. ഇക്കാലത്തു സമുദായങ്ങളെ ഭരിച്ചുകൊണ്ടുപോകുന്നതു് എത്രമാത്രം പ്രയാസസാദ്ധ്യമായിട്ടുള്ളതാണെന്നു അറിയുന്ന സകലർക്കും ഇദ്ദേഹം ഇരുസമുദായങ്ങളുടെയിടയിലിരുന്ന ചങ്ങനാശേരി മിസ്സത്തെ പതിനഞ്ചു വത്സരങ്ങളോളം ഭരിച്ചുപോന്നതിൽ എത്ര വിവേകവും, സാധുശീലവും, ക്ഷമയും പ്രദർശിപ്പിച്ചിട്ടുണ്ടെന്നു സുസ്പഷ്ടമായി കാണാവുന്നതാണ്. മലയാളത്തിലെ കത്തോലിക്കർക്കു പൊതുവേയും കോട്ടയം മിസ്സത്തിനു പ്രത്യേകിച്ചും നേരിട്ടിരിക്കുന്ന ഈ അപരിഹാര്യമായ നഷ്ടത്തിൽ ഞങ്ങൾ നിർവ്യാജമായി സഹതപിക്കുന്നതുകൂടാതെ, സുകൃതവാനായിരുന്ന ഈ വന്ദ്യവൈദികാധ്യക്ഷന്റെ ആത്മാനുക്ലേശാർത്ഥം സകലരും പ്രാർത്ഥിക്കേണമെന്നു് അപേക്ഷിക്കയും ചെയ്യുന്നു.

R. I. P.

'കുസുമ'വരിക്കാരനായ പെരുങ്ങഴികരയിൽ ചെറുപുര വക്കി എന്നയാൾ ഈ മാസം ൩-൦നു- അന്ത്യക്രിയാശകളൊക്കെയും കൈക്കൊണ്ടു മരണംപ്രാപിച്ചു. ഇയ്യാളുടെ ആത്മാനുക്ലേശത്തിനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

മാസികാവരിപ്പണം അടച്ചവരുടെ പേരുവിവരം.

ഒരു രൂപാവീതം

മ. രാ. രാ. അവർകൾ,

A. H. Muller, Pensioned Inspector of Police Trichur. ഇടച്ചേരിലായ കുഞ്ഞുക്കൽ തൊമ്മൻ, കൊച്ചുപറമ്പിൽ പൈലി, Br. Philip N. M, ഓണംപള്ളിച്ചിറയിൽ ചാണ്ടി വക്കി വൈദ്യൻ, വി. മാവീട്ട തുണ്ടുവിള, Subakin N. Pereira, Mr. N. M. Pereira, ചക്രമാക്കൻ ചാക്കുണ്ണി, എസ്സ്. ജോസഫ് ക്രിസ്റ്റുമസ്സ് കോട്ടേജ്, ബ. നെല്ലിശേരിൽ ഫെൻറിക്കോസച്ചൻ, ബ. ചാക്കൊ ഗീവറുഗീസ് കത്തനാർ തോട്ടക്കാട്ടുപള്ളി വികാരി, ബ. കമ്മാത്തുങ്കത്തിൽ വക്കി അച്ചൻ, പുതിയാപറമ്പിൽ ജോസഫ്, തറയുക്കു പള്ളിക്കടവിൽ മറിയറോസ്, ബ. ജി. ജെ. അരാഞ്ഞപ്പാങ്കി, പേതുപ്രണാണ്ടസ് പള്ളിവിളറീട്ട്, എസ്സ്. എം. റപ്പായേൽ, തങ്കശ്ശേരി കന്യകാമഠത്തിൻെറ ബ. ശ്രേഷ്ഠത്തിയമ്മ, മൈക്കൽ കോസിസോ, തെച്ചിറയിൽ പുത്തൻപുരക്കൽ കളത്തിൽ ജോസഫ്, തുണ്ടിയിൽ യെസുസേപ്പു ശെയ്ർ, വേലംപറമ്പിൽ ശെയ്ർ, നോച്ചിമൂട്ടിചിറയിൽ ചാണ്ടി ഫിലിഥോസ്, ഇട്ടിയംപറമ്പിൽ പോത്ത യെസുസേപ്പ്, വടക്കേടത്തു തയ്യൻ തോമ്മസ്, പനക്കപ്പറമ്പിൽ തോമ്മാ യേസുസേപ്പ്, കയ്യാളച്ചേരിൽ ചാക്കൊ ചാക്കൊ, നന്തികാട്ട യെസുസപ്പു വക്കി, കുന്നിയിൽ യോഹന്നാൻ കുരുവിള, കായിത്ര തോമ്മാ യെസുസേപ്പ്, തത്തമ്പള്ളി കപ്യാർ ചാക്കൊ, കാഞ്ഞിരക്കാട്ട തച്ചിൽ ലോന വക്കി. Mr. T. G. D. Silva Beira Box 17 , East, Africa. കച്ചിറ ആഗസ്തി ചാക്കൊ നീല്യർ, രാമപുരം.

പലവക.

ബ. തെക്കേക്കര വക്കി അച്ചൻ ഫ്രൂ, ബ. പുലിക്കോട്ടിൽ കയ്യാക്കോസച്ചൻ ഫ്രൂ. ഫ്രച, ഫകാ. പുത്തൻപറമ്പിൽ അപ്പി യെസുസേപ്പു ൻച, വകാ, പല്ലരിയാൻ പ്രണാണ്ടസ് ഫ്രൂ, ഫ്രച, ഫകാ, മയ്യാൻ ഡിക്രൂസ് വലിയവിളവീട്ട് ഫ്രൂ, ഫസുച.വ കാ.

(തുടരും.)

ഒരു ലേലച്ചിട്ടി.

ഏറുമാനൂർ പ്രവൃത്തിയിൽ മാന്നാനം കരയിൽ മാന്നാനം കൊവേന്തയുടെ പെ. ബ. പ്രിയോരവർകൾ മുന്നാൽനിന്നു ആണ്ടുതോറും മീനം ൧൦–൨൦൨൨-കളിൽ ഒരു ചിട്ടിവീതം ൧൦ ചിട്ടിയും, ചിട്ടിയൊന്നുക്കു നാലു നമ്പർ വീതം നാല്പതു നമ്പരും, നമ്പരൊന്നുക്കു ൨൫൦ രൂപ വീതം പതിനായിരം ബ്രിട്ടീഷ് രൂപ മുതലുമായി ഒരു ലേലച്ചിട്ടി, ൧൦വൻ മീനം ൧൦–൨൦൨൨ മുതൽ മാന്നാനം കൊവേന്തയിൽനിന്നു നടത്തിവരുന്ന സെൻറു ഔഫ്രെയിംസ് ഫൈസ്സൽ കെട്ടിടത്തിൽവച്ചു നടത്തപ്പെടുന്നതാണ്. ആകയാൽ ഈ ചിട്ടിയിൽ ചേരണമെന്നാഗ്രഹിക്കുന്നവർ കഴിയുന്നതും വേഗത്തിൽ വിവരം മുന്നാളിനെ തെര്യപ്പെടുത്തേണ്ടതാകുന്നു.

മാന്നാനം കൊ. പ്രിയോർ.

REGITSERED. No. 365

പഞ്ചാംഗം.

ഫെബ്രുവരി — ഫാവുൻ, മകരം— കുംഭം.

ഇംഗ്ലീഷ്.		മലയാളം.		വിശേഷ ദിവസങ്ങൾ.		
മാസം.	തീയതി.	തീയതി.	ആഴ്ച.			
	1	ഫൻ	ഞാ	✠ ദെനഹാ രാം ന. കു. അ.	(൨)	വെ. 2
	2	ഫാ	തി	✠ കു. മാ. ശുദ്ധീ ന. കു. പെ. ✳		വെ. 2
	3	ഫ	ചൊ	† മൂന്നുനോ ന. കു. അ. ✳		റോ. 2
	4	ഫാ	ബു	† മൂന്നുനോ. ന. കു. അ. ✳ ...		റോ. 2
മകരം	5	ഫ	വ്യാ	വേ. അഗാത്താ, ന. അ. കു. പെ. ...		ചൂ. 2
	6	ഫ	വെ	കു. വേ. ദോറോ. ന. അ. കു. പെ. ...		ചൂ. ൨
	7	ഫാ	ശ	മെന. റൊവാ. ന. അ. കു. പെ. ...		വെ. 2
	8	ഫ	ഞാ	✠ ന. കു. അ.	(൭)	റോ. ൨
	9	ഫാ	തി	വേ. അപ്പലോ. ന. അ. കു. പെ. ...		ചൂ. ൨
♑	10	ഫ	ചൊ	† ന. കു. പ്രാത്മ്ന. ന. അ. കു. പെ.		ചൂ. ൨
	11	ഫ	ബു	† കു. മ. പ്രത്യൂ. ന. അ. കു. പെ. ...		വെ. ൨
	12	ഫ	വ്യാ	† പാ. മെന. ദിയൊ ന അ. കു. പെ.		വെ. ൨
	13	ഫാ	വെ	അഗ്നാത്തി ന. അ. കു. പെ. (ഒരുമാ. ഫ)		ചൂ. ൨
	14	ഫ	ശ	വേ. വലത്തി ന. അ. കു. പെ. ...		ചൂ. ൨
	15	ഫാ	ഞാ	ന. കു. അ.	(൦)	റോ. 2
	16	ഫ	തി	വേ. യോഹ. ന. അ. കു. പെ. ...		ചൂ. 2
	17	ഫ	ചൊ	† ന. കു. കഷ്ടാനുഭവം.		ചൂ. 2
	18	ഫാ	ബു	വേ. ശിമയോ. ന. അ. കു. പെ. ...		ചൂ. 2
	19	ഫ	വ്യാ	വേ. ബ്ലാസി ന. അ. കു. പെ. (ഇന. ൽ)		ചൂ. 2
കുംഭം	20	ഫ	വെ	† മെന. അന്ത്രു ന. അ. കു. പെ. (ഇന. ൽ)		വെ. ൨
	21	ഫാ	ശ	† മെന. പത്രൊ. തൊ. ന. അ. കു. പെ. (ഇന. ൽ)		വെ. 2
	22	ഫ	ഞാ	✠ ന. കു. അ.		റോ. ൨
				ഇന്നു പാതിരാവിൽ നോമ്പു തുടങ്ങുന്നു.		
	23	ഫാ	തി	മത്ത. ത. നാ. ന. കു. ത. ...		റോ. ൨
♓	24	ഫ	ചൊ	(✠) മത്ത. ശ്ലീ. ന. കു. പെ. ...		ചൂ. ൨
	25	ഫ	ബു	വിഭൂതി. ന. കു. അ. ...		റോ. ൨
	26	ഫാ	വ്യാ	(പത്രൊ. അ. സിം. വെ. ൽരാം വ) ന. കു. അ.		റോ. ൨
	27	ഫ	വെ	(† ന. കു. മുൽ. ചൂ.) ന. കു. അ. (ഉത്തമനേരം)		റോ. 2
	28	ഫ	ശ	† (മെന. തെത്തൊവെ. ൽരാം. ന) ന. കു. അ.		റോ. ൨

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം (✠) കടം നീക്കപ്പെട്ട ദിവസം.
✳ ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by A. P. Mani at St. Joseph's Press Mannanam, 1914.